www.malankaralibrary.com

# കാരുണികൻ

Vol.19 No. 12 Dec. 2022

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## സീറോ മലബാർ

www.malankaralibrary.com

# വചനബോധി
## സീറോമലബാർ

പത്രാധിപസമിതി
- ഫാ. മിഖാസ് കൂട്ടുങ്കൽ (എഡിറ്റർ)
- ഫാ. ജോജോ കന്നപ്പിള്ളി

## ഉള്ളടക്കം

**ജനുവരി 01**
**പിറവി 2-ാം ഞായർ** :53
പുറ 2:1-10, മത്താ 6:25-34
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- ഫാ. റോയ് പാലാട്ടി CMI

**ജനുവരി 08**
**ദനഹാ 1-ാം ഞായർ** :61
പുറ 3:1-12, ലൂക്കാ 4:16-22
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ഷിബു പുളിക്കൽ

**ജനുവരി 15**
**ദനഹാ 2-ാം ഞായർ** :66
സംഖ്യ 10:29-36, യോഹ 1:14-18
- ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ SH
- ഫാ. ഷിനു ഉതുപ്പാൻ

**ജനുവരി 22**
**ദനഹാ 3-ാം ഞായർ** :72
സംഖ്യ 11:10-20, യോഹ 1:29-34
- ഡോ. മൈക്കിൾ കാരിമറ്റം
- ഡോ. ബിൽജു വാഴപ്പിള്ളി

**ജനുവരി 29**
**ദനഹാ 4-ാം ഞായർ** :80
സംഖ്യ 11:23-35, യോഹ 2:1-11
- ഡോ. ലൂക്ക് തടത്തിൽ
- ഡോ. റോബി കൂന്താനിയിൽ
- ഫാ. സോജി ചക്കാലക്കൽ

www.malankaralibrary.com



## ജനുവരി 01
## പിറവി 2-ാം ഞായർ

# ഭാഷ്യം

### പുറ 2:1-10; മത്താ 6:25-34

## പുറ 2:1-10

### സന്ദർഭം

പുറപ്പാട് പുസ്തകം ആരംഭിക്കുന്നത് പൂർവപിതാവായ യാക്കോബിന്റെ മക്കൾ ഈജിപ്തിൽ വസിക്കുന്ന കാര്യം വിവരിച്ചുകൊണ്ടാണ്. കാലങ്ങൾ കഴിഞ്ഞതോടെ ഈജിപ്തിൽ വളർന്നുവരുന്ന ഇസ്രായേൽക്കാർ ഈജിപ്തുകാർക്ക് ഭീഷണിയായി മാറിയേക്കുമെന്ന് ഭയന്ന ഈജിപ്ത്യൻ ഭരണാധികാരികൾ ഇസ്രായേൽക്കാരെ പീഡിപ്പിക്കുകയും അടിമകളായി കരുതുകയും ചെയ്യുന്നു. ഇസ്രായേലിന്റെ നിലവിളിയും രോദനവും കർത്താവിന്റെ സന്നിധിയിലെത്തുകയും ഇസ്രായേലിന്റെ വിമോചകനായി അവിടന്ന് ഇറങ്ങിവരുകയും (1:23-25; 2:7-8) അവരെ ഈജിപ്തിൽനിന്നും മോചിപ്പിച്ച് ഒരു ഉടമ്പടിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ജനമാക്കി മാറ്റുകയും ചെയ്യുന്നതാണ് പുറപ്പാട് പുസ്തകത്തിന്റെ പ്രതിപാദ്യം. ഇസ്രായേലിനെ വിമോചിപ്പിക്കാൻ ദൈവം തന്റെ പ്രവാചകനായി വിളിച്ച് ആ ദൗത്യം ഏല്പിച്ചത് മോശയെ ആയിരുന്നു. മോശയുടെ ജനനവും അവന്റെ സംരക്ഷണവും പേരിടലുമാണ് പുറപ്പാട് പുസ്തകത്തിൽ നിന്നുമുള്ള വചനവായനയിൽ ശ്രവിക്കുന്നത്.

### സാരം

പ്രത്യേകമായ പേരുകളൊന്നും എടുത്തുപറയാതെ ലേവി ഗോത്രത്തിൽപ്പെട്ട ഒരു പുരുഷനും സ്ത്രീയുമായുള്ള വിവാഹവും അവർക്കുണ്ടാകുന്ന ഒരു കുട്ടിയുടെ കാര്യവും പറഞ്ഞുകൊണ്ടാണ് പുറപ്പാട് രണ്ടാം അധ്യായം ആരംഭിക്കുന്നത്. വിവരണത്തിന്റെ ആദ്യവായനയിൽ നമുക്കു തോന്നും വിവാഹിതരായ ദമ്പതികൾക്കുണ്ടാകുന്ന ആദ്യകുട്ടിയെക്കുറിച്ചാണ് പ്രതിപാദ്യമെന്ന്. എന്നാൽ, ആ കുട്ടിക്ക് മൂന്ന് വയസു മൂത്ത ഒരു സഹോദരനും (സംഖ്യ 33:39 നി

www.malankaralibrary.com

യാ 34:7) ബാലികയായ ഒരു സഹോദരിയും (പുറ 2:4–7) ഉണ്ട്. ഈജിപ്ത്യൻ ഭരണാധികാരി കൊണ്ടുവന്ന പുതിയനിയമം അതായത് ഇസ്രായേൽക്കാർക്ക് ജനിക്കുന്ന എല്ലാ ആൺകുട്ടികളും കൊല്ലപ്പെടണം (പുറ 1:16) എന്നതനുസരിച്ചാണ് ഈ ആൺകുട്ടിയേയും നദിയിൽ ഉപേക്ഷിക്കേണ്ടിവരുന്നത്. സഹോദരനായ അഹറോൻ ജനിച്ചതിനുശേഷമായിരിക്കണം ഇപ്രകാരം ഒരു നിയമം നിലവിൽ വന്നത് എന്ന് അനുമാനിക്കാം. ആ കുട്ടിയുടെ പിതാവ് അമ്രാം, മാതാവ് യോക്കെബെദ് (പുറ 6:20) എന്നിവരാണെന്ന് പിന്നീട് മനസ്സിലാകും. ആ കുട്ടിയുടെ അമ്മയുടെ പ്രത്യേക കരുതലുകൊണ്ടും (2: 3) സഹോദരിയുടെ സാമർഥ്യംകൊണ്ടും (2:4–7) അവൻ ഫറവോയുടെ മകളുടെ സംരക്ഷണത്തിലെത്തുകയും അവൾ അവന് മൊഷെ എന്ന് പേര് നല്കികൊണ്ട് സ്വന്തമായി സ്വീകരിക്കുകയും ചെയ്തു.

ഞാങ്ങണകൊണ്ടുണ്ടാക്കിയ കളിമണ്ണും താറും പൂശിയ പേടകത്തെ ഹീബ്രുഭാഷയിൽ 'തെവത് ഗൊമെത്' എന്നാണ് വിളിച്ചിരിക്കുന്നത്. 'തെവത്' (പേടകം) എന്ന വാക്കുതന്നെയാണ് ഉത്പത്തി പുസ്തകം ആറാം അധ്യായത്തിൽ വെള്ളപ്പൊക്കത്തിൽനിന്ന് നോഹയേയും കുടുബത്തെയും രക്ഷിക്കുന്നതിനുവേണ്ടി ദൈവത്തിന്റെ നിർദേശപ്രകാരം നോഹ ഉണ്ടാക്കിയതായി പറയുന്നു (ഉത്പ 6:13–14). ആ കുട്ടിക്ക് ഫറവോയുടെ മകൾ നല്കിയ പേരാണ് മൊഷെ എന്നത്. മോശ എന്ന് മലയാളത്തിലും മോസെസ് എന്ന് ഇംഗ്ലീഷിലും വിവർത്തനം ചെയ്തിരിക്കുന്നത് ഹീബ്രുവിൽ മൊഷെ എന്ന പേരാണ്. ഞാൻ അവനെ വെള്ളത്തിൽനിന്ന് എടുത്തു എന്ന് പറഞ്ഞുകൊണ്ട് മൊഷെ എന്ന് വിളിച്ചു എന്നാണ് വചനം പറയുന്നത് (2:10). 'മഷ അ' എന്ന ഹീബ്രു ക്രിയാപദത്തിന്റെ അംഗക്രിയ പദ (പാർട്ടിസിപ്പിൾ) മാണ് മൊഷെ എന്നത്. അതിന്റെ അർഥം 'വലിച്ചെടുക്കുന്നവൻ' എന്നാണ്. വലിച്ചെടുക്കപ്പെട്ടവൻ എന്ന അർഥത്തിലാണെങ്കിൽ 'മഷൂയ്' എന്നാണ് വരേണ്ടിയിരുന്നത്. ഞാൻ വലിച്ചെടുത്തു എന്നായിരുന്നു എങ്കിൽ 'മഷാത്തി' എന്ന് പേരുവരണമായിരുന്നു. ഇതു രണ്ടുമല്ലാതെ മൊഷെ (വലിച്ചെടുക്കുന്നവൻ) എന്ന പേരു നല്കിയപ്പോൾ വിശുദ്ധഗ്രന്ഥകർത്താവ് പ്രത്യേകമായ ഒരു ലക്ഷ്യം അവത രിപ്പിക്കുന്നുണ്ട്.അത് ഈ കുട്ടി ഭാവിയിൽ ചെയ്യാനിരിക്കുന്ന കാര്യം അവതരിപ്പിക്കുക കൂടിയാണ്. ഇസ്രായേലിനെ ഈജിപ്തി

www.malankaralibrary.com

ന്റെ അടിമത്തത്തിൽനിന്ന് വലിച്ചെടുക്കുന്നവൻ, ചെങ്കടലിലെ വെള്ളത്തിൽനിന്ന് ഇസ്രായേലിനെ പുറത്തെടുക്കുന്നവൻ എന്നതെല്ലാം ഈ പേരിൽ ഉൾച്ചേരുന്നുണ്ട്.

## സന്ദേശം

ഈശോമിശിഹായുടെ നാമകരണതിരുനാൾ ആചരിക്കുന്ന ഇന്ന് മോശയുടെ ജനനത്തിന്റെയും നാമകരണത്തിന്റെയും ഓർമ ഉൾക്കൊള്ളുന്ന വചനഭാഗം മിശിഹായുടെ പ്രതിരൂപമായ മോശയെ അവതരിപ്പിക്കുകയാണ്. മിശിഹാ പാപത്തിന്റെ അടിമത്തത്തിലായിരുന്ന മനുഷ്യകുലത്തെ രക്ഷിച്ച് (യഷുഅ) മരണത്തിന്റെ ആധിപത്യത്തിൽനിന്ന് പുറത്തുകൊണ്ടുവരുന്നതുകൊണ്ട് യഷുഅ (ഈശോ) എന്ന് പേരുനല്കി. ഇസ്രായേലിനെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് പുറത്തുകൊണ്ടുവന്നവൻ മൊഷെ. മൊഷെയുടെ ദൗത്യം മിശിഹായുടെ ദൗത്യത്തിന്റെ നിഴലായിരുന്നു. ഈശോയിലൂടെ നിറവേറാനിരുന്ന വിമോചനത്തിന്റെ പ്രതിരൂപമായിരുന്നു മൊഷെയിലൂടെ യാഥാർഥ്യമായത്. ഈജിപ്തിലെ പ്രതികൂലസാഹചര്യത്തിൽ മൊഷെയുടെ ജനനവും പരിരക്ഷയും വ്യക്തമാക്കുന്നത് ഏതു പ്രതികൂല സാഹചര്യത്തിലും ദൈവത്തിന് തന്റെ ജനത്തിനുവേണ്ടി ഒരു പദ്ധതിയും പ്ലാനും ഉണ്ട് എന്ന കാര്യമാണ്. അതു നടപ്പിലാക്കുന്നതിന് ദൈവം അനുയോജ്യരായ വ്യക്തികളെയും സാഹചര്യങ്ങളെയും ഒരുക്കുന്നു.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

www.malankaralibrary.com

## മത്താ 6:25-34

## സന്ദർഭം

ഗിരിപ്രഭാഷണത്തിൽ ഈശോ മുന്നോട്ടുവയ്ക്കുന്ന പുതിയ നിയമ ധാർമികതയ്ക്കനുസൃതം ജീവിക്കാൻ തീരുമാനിക്കുന്നവർക്ക് വലിയ ആശ്വാസം പകരുന്ന വചനങ്ങളാണ് മത്താ 6:25–34ൽ കാണുന്നത്. ഈ വചനങ്ങൾ തൊട്ടുമുമ്പുള്ള വചനഭാഗവുമായി (മത്താ 6:19–24) ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ടതാണ്. ഈശോ പ്രഘോഷിച്ച സ്വർഗരാജ്യ സുവിശേഷത്തിനനുസരിച്ച് ജീവിക്കുന്നവർ, ചിതലും പുഴുവും നശിപ്പിക്കുന്നതും കള്ളന്മാർ കവർച്ചചെയ്യുന്നതുമായ ഭൂമിയിൽ നിക്ഷേപങ്ങൾ സൂക്ഷിക്കാതെ, സ്വർഗത്തിൽ നിക്ഷേപം ശേഖരിച്ചുവയ്ക്കുന്നവരാണ് (മത്താ 6:19–21). ഒരുവന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും അവന്റെ ഹൃദയവും. ഹൃദയം എവിടെയാണ് എന്നതിനെ ആശ്രയിച്ചാണ് ഉൾക്കണ്ണുകൾക്ക് പ്രകാശമാണോ അന്ധകാരമാണോ ഉള്ളത് എന്നു നിശ്ചയിക്കപ്പെടുന്നത് (മത്താ 6:22–23). കണ്ണ് തെളിവുള്ളതാണെങ്കിൽ ശരീരം മുഴുവൻ പ്രകാശമുള്ളതായിരിക്കും. ശരിയായ ഉൾക്കാഴ്ചയുള്ളവർ മാമോനെ സേവിക്കാതെ ദൈവശുശ്രൂഷയ്ക്കായി ജീവിതം നീക്കിവയ്ക്കും. ദൈവത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവർ, അതായത് മലയിലെ പ്രസംഗത്തിൽ ഈശോ കാണിച്ചുതന്ന വഴിയേ നടക്കുന്നവർ, ഹൃദയം സ്വർഗത്തിലുറപ്പിച്ചു ജീവിക്കുന്നവർ, ശരിയായ ജീവിതദർശനം സ്വന്തമാക്കുന്നവരാണ്. ഈ ഭൂമിയിലെ കാര്യങ്ങളെക്കുറിച്ച് ആകുലപ്പെടാതെ സ്വർഗീയകാര്യങ്ങളിൽ ഹൃദയവും കണ്ണുമുറപ്പിച്ചു ജീവിക്കാനുള്ള ആഹ്വാനമാണ് മത്താ 6:25–34 -ൽ നൽകപ്പെടുന്നത്.

## സാരം

ചോദിക്കുന്നവർക്കു വ്യവസ്ഥയില്ലാതെ കൊടുക്കാനും വായ്പ വാങ്ങാൻ വരുന്നവരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കാനുമുള്ള ഈശോയുടെ ഉപദേശം (മത്താ 5:41–42) കൃത്യമായി പാലിക്കുന്നവർക്ക് ഉണ്ടായേക്കാവുന്ന സുരക്ഷിതത്വമില്ലായ്മയ്ക്കുള്ള അജപാലനപരമായ ഉത്തരമാണ് മത്താ 6:25–34. തന്നെ അനുഗമിക്കുന്നവരെ അനിയന്ത്രിതമായ ഉത്കണ്ഠയിലും ആകുലതയിലുംനിന്ന് വിമുക്തരാക്കുന്നതിനും പുത്രസ്വാതന്ത്ര്യത്തോടെ ദൈവശുശ്രൂഷ നിർവഹിക്കുന്നതിനും പ്രാപ്തരാക്കുക എന്നതാണ് ഈശോയുടെ ലക്ഷ്യം.

www.malankaralibrary.com

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽപ്പെടുന്നവയാണല്ലോ ഭക്ഷണവും വസ്ത്രവും. ഈ പ്രാഥമിക ആവശ്യങ്ങളെക്കുറിച്ചുപോലും ഈശോയുടെ ശിഷ്യർ ആകുലപ്പെടേണ്ടതില്ല (6:25). കാരണം, ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും ഉത്കൃഷ്ടമാണ്. ജീവനും ശരീരവും പ്രദാനം ചെയ്യുന്ന കർത്താവിന് മനുഷ്യനാവശ്യമായ ഭക്ഷണവും വസ്ത്രവും നിസ്സാരങ്ങളായ കാര്യങ്ങളാണ്. പ്രകൃതിയിൽനിന്നുതന്നെയുള്ള ഉദാഹരണങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈശോ ഈ പാഠം നമ്മെ പഠിപ്പിക്കുന്നത്.

ഭക്ഷണത്തെക്കുറിച്ച് ഉത്കണ്ഠ ആവശ്യമില്ലെന്നു മനസ്സിലാക്കിത്തരാനായി ആകാശത്തിലെ പക്ഷികളെ നിരീക്ഷിക്കാൻ അവിടുന്ന് ആവശ്യപ്പെടുന്നു (6:26). അവ വിതയ്ക്കുകയോ കൊയ്യുകയോ കളപ്പുരകളിൽ ശേഖരിക്കുകയോ ചെയ്യുന്നില്ലെങ്കിലും സ്വർഗീയ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. തന്റെതന്നെ ഛായയിൽ സൃഷ്ടിച്ച മനുഷ്യനെക്കുറിച്ച് അവിടുത്തേക്ക് എത്രയോ അധികമായ കരുതൽ ഉണ്ട്. വസ്ത്രത്തെക്കുറിച്ച് ആകുലപ്പെടേണ്ടതില്ല എന്നു വ്യക്തമാക്കാനായി വയലിലെ ലില്ലിച്ചെടിയെ നോക്കാൻ അവിടുന്ന് ആവശ്യപ്പെടുന്നു (6:27-30). അതിപ്രതാപവാനായിരുന്ന സോളമൻ രാജാവിനെക്കാളും മനോഹരമായി പുല്ലിനെയും പൂവിനെയും അലങ്കരിക്കുന്ന ദൈവം മനുഷ്യന്റെ കാര്യത്തിൽ എത്രയോ അധികമായ ശ്രദ്ധയുള്ളവനാണ് എന്ന് അവിടുന്ന് പഠിപ്പിക്കുന്നു. ഈ ലോകത്തിൽ നിക്ഷേപങ്ങൾ ശേഖരിച്ചുവയ്ക്കുന്നവരാണ്, സ്വർഗീയജീവിതത്തെക്കുറിച്ചു ചിന്തയില്ലാത്തവരാണ് ഭൗതികാവശ്യങ്ങളെക്കുറിച്ച് അമിതമായി ആകുലപ്പെടുന്നത്. ഇപ്രകാരമുള്ള ആകുലത കൊണ്ട് യാതൊരു ഫലവുമില്ലെന്നും അവിടുന്ന് കൂട്ടിച്ചേർക്കുന്നുണ്ട് (6:27). തന്റെ മക്കളുടെ ആവശ്യങ്ങൾ ചോദിക്കും മുമ്പേ അറിയുന്നവനാണ് സ്വർഗീയപിതാവ്.

## സന്ദേശം

ഈ പ്രബോധനത്തിൽനിന്ന് നമ്മൾ ഉൾക്കൊള്ളേണ്ട സന്ദേശമെന്താണെന്നും ഈശോ വ്യക്തമാക്കുന്നുണ്ട്. ആകയാൽ ആദ്യം നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു ലഭിക്കും (6:34). നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം വിവേചിച്ചറിഞ്ഞ് ജീവിത കടമകൾ ഭംഗിയായി നിറവേറ്റി ജീവിക്കുന്നവർക്ക് സ്വർഗത്തിൽ നിക്ഷേപമു

www.malankaralibrary.com

ണ്ടാകും. സ്വർഗീയ പിതാവിലുള്ള അടിയുറച്ച വിശ്വാസമാണ് അവിടുന്നിൽ പരിപൂർണമായി ആശ്രയിച്ചു ജീവിക്കാൻ ശിഷ്യനെ പ്രാപ്തനാക്കുന്നത്.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

---

# പ്രസംഗം

## ആകുലത വേണ്ട, ആശ്രയംമതി

മലയിലെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങളിലൊന്നാണ് സുവിശേഷം. ആണ്ടിന്റെ ആരംഭത്തിലേ ആകുലതകൾ ഒഴിവാക്കാനുള്ള മാർഗങ്ങളുമായാണ് ഈശോ വരുന്നത്. എത്രയെത്ര ആകുലതയും ഉത്കണ്ഠയുമാണ് നമ്മെ നിരന്തരം ഭരിക്കുന്നത് എന്നു ചിന്തിച്ചിട്ടുണ്ടോ. സ്രഷ്ടവസ്തുക്കളിലെ ഒരു പുൽനാമ്പിനോ ചെറുകുരുവിക്കോപോലുമില്ലാത്ത ആകുലതയാണ് മനുഷ്യൻ അവന്റെ തലയിൽ നിരന്തരം ചുമന്നുനടക്കുന്നത്. ഒരു കാര്യം നാം സമ്മതിക്കേണ്ടതുണ്ട് എന്തോ ഒരു പിശക് ഈ യാത്രയിൽ നമുക്കു വന്നുപോയിട്ടുണ്ട്. കാര്യമായി അതു നമ്മെ തളർത്തിയിട്ടുമുണ്ട്.

പുത്തനാണ്ടിന്റെ ആരംഭത്തിലേ അനാവശ്യമായി നാം പേറുന്ന ആകുലതകളുടെ ചെങ്കടൽ കുറുകെ കടക്കാനുള്ള മൂന്ന് മാർഗങ്ങൾ ധ്യാനിക്കാം.

ഒന്ന്: ജീവിതത്തിന്റെ മുൻഗണനകൾ നിശ്ചയിക്കുക. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും പ്രധാനമാണെന്ന് ഈശോ ഓർമിപ്പിക്കുന്നു. ജീവൻ നിലനിർത്താനാണ് ഭക്ഷണം. ഭക്ഷണത്തിനായി ജീവിക്കാൻ തുടങ്ങിയാൽ നിങ്ങളുടെ ജീവിതത്തിന്റെ ചക്രവാളം എത്രയോ ചുരുങ്ങിപ്പോകുന്നു എന്നറിയുക. ജീവൻ നിലനിർത്താൻ ഭക്ഷിക്കുന്ന നമ്മൾ അതേ ജീവൻ നിലനിർത്താൻ ഭക്ഷണം ഒഴിവാക്കാറുമുണ്ട് എന്നോർക്കുക. കാരണം, ജീവനാണ് മുഖ്യം. ഭക്ഷണമല്ല. ജീവിതം നിങ്ങൾക്കുമുമ്പിൽ നൽകപ്പെടുന്ന വലിയൊരു ബുഫേയ്ക്കു സമാനമാണ്. നിങ്ങൾക്ക് വിഭവങ്ങളിൽനിന്ന് എന്തുമെടുക്കാം, എന്തും തിന്നാം അത്തരം വിഭവങ്ങൾ രുചിക്കാൻ കഴിയാത്തവരുമാകും. ഇതുപോലെതന്നെ ശരീരത്തിന്റെ നഗ്നത മറക്കാനും ഭംഗി വർധിപ്പിക്കാനുമായി നിങ്ങൾ വസ്ത്രം ധരിക്കുന്നു. പകലിന്റെ ചൂടുള്ള സമ്മർദ്ദത്തിലും കടുത്ത തണു

www.malankaralibrary.com

പ്പിന്റെ മരവിപ്പിലും ശരീരത്തെ കാക്കാനാണ് വസ് ത്രം. എന്നാൽ, ശരീരം വിറ്റും വസ്ത്രം വാങ്ങാമെന്ന് ഒരാൾ തീരുമാനിച്ചാലോ. അവരുടെ നഗ്നതയെ മറയ്ക്കാൻ ഒരു വസ്ത്രത്തിനുമാകില്ല.

ജീവിതത്തിന്റെ മുൻഗണനകൾ മാറുമ്പോഴാണ് ഭക്ഷണവും വസ്ത്ര വും മറ്റെന്തുവസ്തുക്കളും ആകുലതയുടെ കാരണമാകുന്നത്. ജീ വന്റെ കുലീനത നിലനിർത്തുന്ന വിഭവങ്ങളേ ഞാനെന്റെ കലവറയിൽ കാത്തുവയ്ക്കൂ എന്നു തീരുമാനിക്കാമോ, സമാധാനം നിങ്ങളിൽ നിറയും. നിങ്ങളെ ആകുലപ്പെടുത്തുന്ന ഏതാനും കാര്യങ്ങളുടെ ഒരു ലിസ്റ്റ് എടുക്കാമോ? ഒരു കാര്യം വ്യക്തമാകും. നമ്മളാകെ മാറിയിരിക്കുന്നു! ഇത്രയൊന്നും വിഭവങ്ങളുടെ സാധ്യത ഇല്ലാതിരുന്നപ്പോൾപോലും ഇല്ലാതിരുന്ന ആകുലത ഇന്നുണ്ട്. നാം ആകെ മാറിയിരിക്കുന്നു. രണ്ട്: നീ നിന്റെ വിലയറിയുക: പക്ഷിക്കു കൂടും കുറുനരികൾക്ക് മാളവും ഒരുക്കിയ ദൈവം തന്റെ പ്രിയർക്കായി അപ്പവും ഭവനവും ഒരുക്കാതിരിക്കുമോ? നമ്മെ നിരുന്മേഷരും മടിയരുമാക്കാനല്ല ഈ വചനം. മറിച്ച്, ഉത്കണ്ഠയിൽ ജീവിതം ഓടിത്തീർക്കുന്ന ഏകജീവി മനുഷ്യനാണെന്നു ഓർമപ്പെടുത്താനാണ്. ഉത്കണ്ഠ ഇന്നൊരു വികാരം മാത്രമല്ല, ഒരു രോഗംകൂടിയാണ്. ആയുസിന്റെ ദൈർഘ്യമോ അതിലെ ചില ഏടുകളുടെ വലുപ്പമോ കൂട്ടാനാണ് നാമെല്ലാം കഷ്ടപ്പെടുന്നത്. സത്യത്തിൽ, പലരുടെയും ആയുസിന്റെ ദൈർഘ്യം ഇന്നു കുറഞ്ഞുപോകുന്നതിന്റെ കാരണം ഈ ഉത്കണ്ഠയാണെന്ന് ധ്യാനപൂർവം ചിന്തിച്ചാൽ പിടികിട്ടും. ദൈവം മനുഷ്യനെ സരളമാനസനായി സൃഷ്ടിച്ചു. സങ്കീർണമായ പ്രശ്നങ്ങൾ അവന്റേതന്നെ സൃഷ്ടിയാണെന്നുള്ള സഭാപ്രസംഗകന്റെ വാക്കുകൾ ഓർക്കുക (സഭാ 7:29).

നാം ആരാണ് എന്നല്ല നാമിനി ചോദിക്കേണ്ടത്. മറിച്ച് നാം ആരുടേതാണ് എന്നാണ്. നാം നല്ല ദൈവത്തിന്റേതാണെങ്കിൽ പിന്നെ എന്തിന് ഉത്കണ്ഠപ്പെടണം. ഭൂമിയിലെ എല്ലാ മഹത്തരവും നൽകപ്പെട്ട സോളമനെക്കാൾ ഉന്നതരാണ് നമ്മളെന്ന് ഈശോ തന്നെ പറയുമ്പോൾ ഇനിയും നമ്മുടെ മഹത്ത്വം മറന്നു സഞ്ചരിക്കുന്നത് അപരാധമല്ലേ. അകാരണമായി നാം ദേഷ്യപ്പെടുന്നതും അവിവേകത്തോടെ പെരുമാറുന്നതും ആനുപാതികമല്ലാത്ത വിധത്തിൽ അധ്വാനിക്കുന്നതുപോലും നാം ആരെന്ന് മറന്നുപോകുന്നതുകൊണ്ടാണ്. ഞാൻ എന്റെ ദൈവത്തിന്റേതാണെന്ന് പലാവർത്തി ഈയാണ്ടിൽ പറ

www.malankaralibrary.com

യാൻ ശ്രമിച്ചുനോക്കു. ഉത്കണ്ഠ പടികടക്കും. 'സ്ട്രെസ്' എന്ന വാക്ക് എല്ലാകാലത്തിലും അധികമായി നമ്മുടെ ഭാഷാപ്രയോഗത്തിലിന്നുണ്ട്. കുഞ്ഞിനെ ഗർഭംധരിക്കുമ്പോൾ വളർത്തുമ്പോൾ, അഡ്മിഷന് ഇന്റർവ്യൂ നടക്കുമ്പോൾ, ജോലി കിട്ടുമ്പോൾ, അകലെയായിരിക്കുമ്പോഴുമൊക്കെ സർവത്ര 'സ്ട്രെസ്'ഉണ്ട്. നീ ദൈവത്തിന്റേതാണ് എന്നുപറഞ്ഞുനോക്കൂ. ഉത്കണ്ഠയ്ക്കുള്ള ഏക വാക്സിൻ ഇതുതന്നെയാകണം.

മൂന്ന്: ദൈവത്തെ തേടുക: ആദ്യം തേടേണ്ടത് ദൈവത്തെയും അവന്റെ രാജ്യത്തെ നിയമങ്ങളെയുമാണ്. ബാക്കിയെല്ലാം കൂട്ടിച്ചേർത്തു നൽകപ്പെടും. അതാണല്ലോ വചനം. സ്രഷ്ടവസ്തുക്കളിൽ അഭിരമിച്ച് ആയുസിന്റെ ദിനങ്ങൾ തള്ളിമാറ്റുന്ന നമുക്ക് ദൈവത്തെ തേടുന്ന നാളുകളാക്കി ഇനി ശേഷിക്കുന്നവ മാറ്റാനാകണം. കാഴ്ചയിൽ കുടുങ്ങിപ്പോകുന്ന നമ്മുടെ കണ്ണുകളെ കാഴ്ചയ്ക്കപ്പുറമുള്ളതിലേക്ക് ഉന്നംവയ്ക്കാനാവുക ആകുതലതയകറ്റാനുള്ള പാതയാണ്. കാഴ്ചയും കേൾവിയും നമ്മെ നിരന്തരം ആകുലചിത്തരും ഭയചകിതരുമാക്കും. എന്നാൽ, നമ്മിലെ ദൈവത്തെ തേടുമ്പോൾ ഈശോയുടെ മുഖം തെളിഞ്ഞുവരും. നാളെയെക്കുറിച്ച് ആകുലപ്പെട്ടും നെടുവീർപ്പിട്ടും ഇന്നിന്റെ മനോഹാരിത നഷ്ടമാക്കുന്ന നമ്മെ ഈശോ ഓർമപ്പെടുത്തുന്നത് ശ്രദ്ധിക്കുക: ഓരോ ദിവസത്തിനും അത് അർഹിക്കുന്ന ക്ലേശം മതി.

ദൈവശാസ്ത്രജ്ഞനായ ഹാൻസ് ഫോൺ ബൽത്തസാർ രണ്ടുതരം ഡ്രാമകളെക്കുറിച്ച് പറയുന്നുണ്ട്: ഈഗോ ഡ്രാമ, തിയോ ഡ്രാമ. ഈഗോ ഡ്രാമയിൽ നിങ്ങളുടെ ജീവിതത്തിന്റെ കഥ എഴുതുന്നതും നിങ്ങൾതന്നെ. അവിടെ ആകുലതയും ഭയവും നിങ്ങളെ വിട്ടുപോകില്ല. തിയോ ഡ്രാമ അങ്ങനെയല്ല. ദൈവമാണവിടെ കഥ എഴുതുന്നത്, ഡയറക്റ്റ് ചെയ്യുന്നതും അവതരിപ്പിക്കുന്നതും ദൈവംതന്നെ. നിങ്ങൾക്ക് അതിൽ ഒരു റോൾ അഭിനയിക്കാൻ അവസരം തരുന്നു. അത് നന്നായി അഭിനയിക്കുമ്പോൾ നിങ്ങളുടെ നിയോഗം പൂർത്തിയാകുന്നു. തിയോഡ്രാമയിലാകണം നമ്മുടെ ജീവിതം. ദൈവം പറയുന്നവ അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തൂ. അവനിലെ ആശ്രയം, നിങ്ങളുടെ ഭീതിയകറ്റും തീർച്ച.

**ഫാ. റോയ് പാലാട്ടി CMI**

www.malankaralibrary.com



ജനുവരി 08

ദനഹാ 1-ാം ഞായർ

# ഭാഷ്യം

## പുറ 3:1-12; ലൂക്കാ 4:16-22

## പുറ 3:1-12

### സന്ദർഭം

ഈജിപ്തിലെ അടിമത്തകാലഘട്ടത്തിൽ പിറന്ന മോശയെ ഫറവോയുടെ പുത്രി തന്റെ പുത്രനായി സ്വീകരിച്ചതിനാൽ രാജകൊട്ടാരത്തിൽ ആണ് വളർന്നത്. എങ്കിലും തന്റെ സഹോദരരായ ഇസ്രായേൽക്കാരോട് പ്രത്യേകമായ സ്നേഹവും പരിഗണനയും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. തന്റെയൊരു ഹെബ്രായ സഹോദരനെ മർദ്ദിച്ച ഈജിപ്തുകാരനെ കൊല്ലേണ്ടി വന്ന മോശയെ മറ്റൊരു ഹെബ്രായൻ ചോദ്യം ചെയ്യുകയും ഫറവോ വധിക്കാൻ ഉദ്യമിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് മിദിയാനിലേക്ക് ഒളിച്ചോടേണ്ടി വന്നു. അവിടെ വച്ച് വിവാഹിതനായ മോശ തന്റെ അമ്മായിയപ്പനായ ജത്രോയുടെ ആടുകളെ ഹോറെബ് മലയിൽ മേയ്ക്കുന്നതിനിട യിൽ കർത്താവ് പ്രത്യക്ഷപ്പെടുന്നതാണ് ഈ തിരുവചനഭാഗത്തിന്റെ സന്ദർഭം.

### സാരം

മുൾപ്പടർപ്പിന്റെ മധ്യത്തിൽ ജ്വലിച്ചുയർന്ന അഗ്നിയിലാണ് കർത്താവ് മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത്. ഏതെങ്കിലും ഫലഭൂയിഷ്ഠമായ സ്ഥലത്തെ കുലീനങ്ങളായ ചെടികളെയോ വൃക്ഷങ്ങളെയോ അല്ല, മറിച്ച് മരുഭൂമിയിലെ മുൾപ്പടർപ്പിനെയാണ് ദൈവം തന്നെത്തന്നെ വെളിപ്പെടുത്താനായി തിരഞ്ഞെടുത്തത്. അഗ്നിയിൽ മുൾപ്പടർപ്പ് എരിഞ്ഞു ചാമ്പലായില്ല എന്ന് രണ്ടു തവണ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു (വാക്യങ്ങൾ 2, 3). ഈജിപ്തിൽ അടിമവേല ചെയ്യുന്ന ഇസ്രായേൽ ജനത്തിന്റെ ക്ലേശം കർത്താവു കണ്ടു. മുൾപ്പടർപ്പിലെ അഗ്നി ഇസ്രായേലിന്റെ ക്ലേശങ്ങളിൽ ആശ്വാസമായി

www.malankaralibrary.com

കടന്നുവരുന്ന കർത്താവിന്റെ ചിത്രമാണ് നൽകുന്നത്. കർത്താവിന്റെ സാന്നിധ്യം തളർത്തുന്നതല്ല, വളർത്തുന്നതാണ്. അവർ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിലും തകർന്നുപോകാൻ അനുവദിക്കുകയില്ലെന്ന് മോശയോടുള്ള കർത്താവിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. തേനും പാലുമൊഴുകുന്ന കാനാൻദേശമെന്ന പ്രതീക്ഷാനിർഭരമായ ഭാവിയും കർത്താവ് അവർക്കനുവദിക്കുകയാണ്. അതിനുള്ള ഒരുക്കമാണ് ഇപ്പോൾ അവർ കടന്നുപോകുന്ന ക്ലേശങ്ങൾ. തനിക്കു പ്രവർത്തിക്കാൻ മോശയുടെ സഹകരണവും കർത്താവാവശ്യപ്പെടുന്നു.

## സന്ദേശം

മനുഷ്യരുടെ വേദനകൾ കാണുകയും അവരോട് കരുണയോടെ ഇടപെടുകയും ചെയ്യുന്നവനാണ് ദൈവം. വിശ്വാസത്തോടെ അവിടുത്തോട് സഹകരിക്കുമെങ്കിൽ ജീവിതത്തിലെ ക്ലേശങ്ങളാകുന്ന മുൾച്ചെടികളിലും അവിടുത്തെ സാന്നിധ്യവും അനുഗ്രഹവും പ്രത്യക്ഷപ്പെടും. സഹനങ്ങളിലും സന്തോഷങ്ങളിലും ഒരേപോലെ ദൈവത്തോട് ചേർന്നു നിൽക്കുകയും അങ്ങനെ ചെയ്യാൻ സഹോദരങ്ങളെ സഹായിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. മോശയെ എന്നപോലെ നമ്മെ ഓരോരുത്തരെയും അതിനായി അവിടുന്ന് നിയോഗിച്ചിരിക്കുന്നു.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

---

# ലൂക്കാ 4:16-22
## സന്ദർഭം

യേശുവിനെയും യോഹന്നാനെയും കണ്ണിചേർത്തു അവതരിപ്പിക്കുന്ന ശൈലിയാണ് ലൂക്കാ സുവിശേഷത്തിനുള്ളത്. ബാല്യകാല വിവരണങ്ങളിൽ ഈ സമാന്തരത നാം കാണുന്നുണ്ട് (1:5-2:52). യോഹന്നാന്റെ പ്രഘോഷണം (3:1-18) അതിന്റെ പ്രത്യാഘാതമായുള്ള ബന്ധനം (3:19-20) എന്നതിന്റെ തുടർച്ചയായി യേശുവിന്റെ പരസ്യരംഗപ്രവേശം, മാമ്മോദീസാ, പ്രലോഭനം എന്നിവക്കുശേഷം അവതരിപ്പിക്കപ്പെടുന്നു (4:14-15). യേശുവിന്റെ ശുശ്രൂഷ ജനശ്രദ്ധ ആകർഷിക്കുന്നതായിരുന്നു എന്നതിന്റെ കാരണം വ്യക്തമാക്കുന്നതാണ് യേശുവിന്റെ നസ്രത്തു സംഭവം (4:16-22).

www.malankaralibrary.com

## സാരം

ബി.സി 530 മുതൽ മുഴങ്ങിക്കേട്ട വിമോചന സന്ദേശമാണ് ഏശയ്യാ 61:1–2 വചനങ്ങൾ. അത് ദരിദ്രർക്കും വേദനിക്കുന്നവർക്കും അടിച്ചമർത്തപ്പെട്ടവർക്കും പാർശ്വവല്ക്കരിക്കപ്പെടുന്നവർക്കും ഉള്ള സദ്വാർത്തയാണ് യേശു എന്ന് സമർഥിക്കുന്നതാണ് വചനപ്രമേയം.

## സന്ദേശം

1. ബാബിലോണിയൻ അടിമത്തം (587–537 ബിസി) മുതൽ യഹൂദർ സ്വയം ദരിദ്രർ അഥവാ ദൈവംമാത്രം ആശ്രയം ഉള്ള 'അനാവിം' എന്ന് വിശേഷിപ്പിച്ചുപോന്നിരുന്നു. അടിമത്തം തീർന്നു, മോചനം ആസന്നമായി എന്ന സദ്വാർത്ത നൽകിയ പ്രവാചകശബ്ദം (ഏശ 61:1–2) നൂറ്റാണ്ടുകളായി പ്രതിധ്വനിക്കുന്ന സ്വാതന്ത്ര്യമുദ്രാവാക്യമായിരുന്നു. ഈ സദ്വാർത്തയുടെ ആൾരൂപമായാണ് യേശു പ്രഖ്യാപിക്കുന്നത്: "നിങ്ങൾ കേൾക്കെതന്നെ ഈ തിരുവചനം ഇന്ന് നിറവേറിയിരിക്കുന്നു" (4:21). ഇതിന്റെ പ്രതികരണമാണ് ജനത്തിന്റെ ആനന്ദവും അത്ഭുതവും ഒക്കെ. തിരുവചനസന്ദേശങ്ങൾ നാം കൊതിക്കുന്ന, ദാഹിക്കുന്ന സന്ദേശം ആകുമ്പോഴാണ് നമ്മിൽ അനുകൂല പ്രതികരണങ്ങൾ ഉണ്ടാകൂ. നിർവികാരതയോടെ വചനം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നത് ഫലശൂന്യമായിപ്പോകും. വിടുതലിനായി, രക്ഷയ്ക്കായി, ആശ്വാസത്തിനായി വചനത്തെ സമീപിക്കാം. നസ്രത്ത് സിനഗോഗിലെ ജനത്തെപ്പോലെ നമ്മിലും ആനന്ദം നിറയും.

2. ദൈവപിതാവിന്റെ കാര്യങ്ങളിൽ മുഴുകുന്ന യേശു എന്താണ് ദൈവത്തിന്റെ മുൻഗണനകൾ എന്ന് വ്യക്തമാക്കുന്നുണ്ട്. താൻ വായിച്ചുവളർന്ന തോറാ പഠനങ്ങളെ കൂട്ടുപിടിച്ചു അതിന് ജീവൻ നൽകുകയാണ് യേശു. അന്യായമായി വധിക്കപ്പെട്ട ആബേലിന്റെ രക്തത്തിന്റെ നിലവിളി കേട്ട് പ്രതികരിക്കുന്ന ദൈവത്തെ നാം കാണുന്നു (ഉത്പ 4:10) ഈജിപ്തിലെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ജനത്തിന്റെ ക്ലേശങ്ങൾ കണ്ട്, രോദനം കേട്ട്, അവരെ വിമോചിക്കാനായി തീരുമാനമെടുത്ത ദൈവത്തെയും നാം പുറ 3:7–8–ൽ കാണുന്നുണ്ട്. വിപ്രവാസത്തിലായിരുന്ന ഇസ്രായേൽ ജനത്തെ കൈപിടിച്ചു സ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ മുഴക്കുന്ന കാഹളധ്വനി ഏശയ്യാ 61–ൽ നമുക്ക് കാണാം. അതേ ദൈവത്തിന്റെ– യേശുവിന്റെ പിതാവിന്റെ കാര്യങ്ങൾ എന്നുദ്ദേശിക്കുന്നത് ദരിദ്രരുടെ മോചനമാണ്.

www.malankaralibrary.com

അവർക്കായി ദൈവത്തിന്റെ സ്ഥാനത്ത് നിലപാട് എടുക്കുന്ന യേശുവിനെ നാം കാണുമ്പോൾ, നമുക്കുള്ള ചൂണ്ടുപലകയാണിത്. നീ ദൈവഹിതം നിറവേറ്റാൻ ആഗ്രഹിക്കുന്നെങ്കിൽ അറിഞ്ഞുകൊള്ളുക, അത് പാവങ്ങളുടെ കരം പിടിക്കലാണ്.

3. കർത്താവിന് സ്വീകാര്യമായ ദിനം എന്നത് ജൂബിലി അവസരമായാണ് ഇസ്രായേൽജനം കണ്ടിരുന്നത്. ദൈവം തങ്ങൾക്കായി നിർണായകമായി ഇടപെടുന്ന അനുഭവമാണത്. കൃഷിയിടങ്ങൾ വെറുതെ ഇട്ട് പാവങ്ങൾക്ക് ഫലം ശേഖരിക്കാൻ അവസരം കിട്ടുന്നു. നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുകിട്ടുന്നു. അടിമകളായവർ മോചിക്കപ്പെടുന്നു (ലേവ്യ 25:1-22). ഇതോടുചേർന്ന് ശത്രുക്കൾക്ക് ശിക്ഷ കിട്ടും എന്ന് ധ്വനിപ്പിക്കാൻ 'ഇത് കർത്താവിന്റെ പ്രതികാരദിനം' എന്ന് ഏശയ്യ 61:2-ൽ വ്യക്തമാക്കുന്നു. എന്നാൽ യേശുവിന്റെ ഉദ്ധരണിയിൽ ഈ പദപ്രയോഗം ഒഴിവാക്കപ്പെടുന്നുണ്ട്. കാരണം, യേശുവിന്റെ ദൗത്യം സർവജനത്തിനും ഉള്ള രക്ഷയാണ്. ഭൗതിക അടിമത്തത്തിൽ നിന്നെന്നപോലെതന്നെ, പാപമെന്ന അടിമത്തത്തിൽനിന്നുമുള്ള മോചനമാണ് യേശു കൊണ്ടുവരുന്നത്. അതുകൊണ്ടാണ് നല്ല കള്ളനും (23:42) പാപിനിയായ സ്ത്രീയും (7:36-50) സക്കേവൂസും യേശുവിൽ രക്ഷ കണ്ടെത്തുന്നത്. കർത്താവിന്റെ ദിനം രക്ഷാകരദിനമായി യേശു പുനർനിർണയിക്കുകയാണ്. സകലജനത്തിനും ഉള്ള സദ്വാർത്ത എന്ന മാലാഖയുടെ കാഹളധ്വനിക്ക് (2:10) ജീവൻ പകരുന്നതാണ് യേശുവിന്റെ വാക്കുകൾ.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## രക്ഷകരാവുക

സിനഗോഗിൽ പ്രവേശിച്ച് വചനം വായിക്കുകയും വായിച്ച വചനങ്ങൾ തന്നിൽ നിറവേറി എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന യേശുവിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുക. അടിമത്തത്തിൽ നിന്ന് തങ്ങളെ പ്രതാപത്തിലേക്ക് ഉയർത്താൻ വരുന്ന ഒരു രക്ഷകനെ കുറിച്ചുള്ള പ്രതീക്ഷയിൽ കഴിഞ്ഞിരുന്ന ജനത്തിന്റെ മുമ്പിലാണ് ക്രിസ്തു സ്വാതന്ത്ര്യത്തിന്റെ മാഗ്നാകാർട്ട വിളംബരം ചെയ്യുന്നത്.യേശു ആര് എന്ന ചോദ്യത്തിന് സാധാരണ

www.malankaralibrary.com

ലഭിക്കുന്ന ഉത്തരം രക്ഷകൻ എന്നാണ്. ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം രക്ഷ എന്നാൽ അടിമത്തം, ശത്രുക്കൾ,വിശപ്പ്, ശാരീരിക ക്ലേശങ്ങൾ എന്നിവയിൽ നിന്നുള്ള മോചനമായിരുന്നു. എന്നാൽ യേശു പ്രഘോഷിച്ച രക്ഷ എന്ന് പറയുന്നത് ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ ബന്ധനങ്ങളിൽ നിന്നുമുള്ള മോചനമാണ്. ആത്മാവിന്റെ ഫലങ്ങളായ സ്നേഹവും ആനന്ദവും സമാധാനവും ക്ഷമയും അനുഭവിച്ചുകൊണ്ടുള്ള ജീവിതമാണ് യേശു നൽകുന്ന സ്വാതന്ത്ര്യം.

പാപമാണ് ഏറ്റവും വലിയ ബന്ധനം. അത് മനുഷ്യനെ സ്വാർഥതയുടെ അടിമയാക്കുന്നു. പാപം പലവിധത്തിലുള്ള ദുഷ്ഫലങ്ങൾ പുറപ്പെടുവിക്കുന്നു. അസമാധാനവും അക്രമവും അസൂയയും പാപത്തിന്റെ പരിണിതഫലങ്ങളാണ്. ഇവയൊക്കെ മനുഷ്യനെ ബന്ധനസ്ഥനാക്കുന്നു. പാപിനിയായിരുന്ന മഗ്ദലനാ മറിയവും, അസമാധാനം അനുഭവിച്ചിരുന്ന സക്കേവൂസും കുറ്റബോധത്തിന്റെ അടിമകൾ ആയിരുന്ന ചുങ്കക്കാരും എല്ലാം യേശുവിൽ രക്ഷയും സമാധാനവും കണ്ടെത്തി. യേശു തൊട്ടവരും യേശുവിനെ തൊട്ടവരും സുഖപ്പെട്ടു. യേശുവുമായി ചങ്ങാത്തം കൂടിയവരെല്ലാം പുതിയ മനുഷ്യരായി. യേശുവിന്റെ സാമീപ്യം നന്മയും സന്തോഷവും സമാധാനവും രോഗശാന്തിയും വ്യക്തികളിൽ ഉളവാക്കി. യേശു നൽകുന്ന രക്ഷയും വിമോചനവും ഏതാനും പേർക്കു വേണ്ടി മാത്രം ഉള്ളതായിരുന്നില്ല. അത് ഒരു കാലഘട്ടത്തിലോ, സംസ്കാരത്തിലോ ഒതുങ്ങി നിൽക്കുന്നുമില്ല. ലോകാവസാനംവരെ എല്ലാ നാളുകളിലും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും എന്ന തന്റെ സാന്നിധ്യവാഗ്ദാനം അഭംഗുരം പാലിച്ചുകൊണ്ട് അവിടുന്ന് നമ്മോട് കൂടി ജീവിക്കുന്നു. യേശുവിൽ ആഴമേറിയ വിശ്വാസം അർപ്പിക്കുന്നവർക്കും അവിടുന്നുമായി വ്യക്തിഗതമായ സ്നേഹബന്ധത്തിൽ ഏർപ്പെടുന്നവർക്കും അവിടത്തെ ജീവിതം സർവസ്വമായി ഏറ്റുപറയുന്നവർക്കും യേശു എന്നും എപ്പോഴും എല്ലായിടത്തും രക്ഷകനാണ്. കാരണം, യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ യാണ് (ഹെബ്രാ 8:13).

**ഫാ. ഷിബു പുളിക്കൽ**

www.malankaralibrary.com



ജനുവരി 15

ദനഹാ 2-ാം ഞായർ

# ഭാഷ്യം

## സംഖ്യ 10:29-36; യോഹ 1:14-18

### സംഖ്യ 10:29-36

### സന്ദർഭം

പാരമ്പര്യങ്ങളുടെ സിരാകേന്ദ്രമെന്നാണ് സംഖ്യ 10:29-36 അറിയപ്പെടുന്നത്. ഈ തിരുവചനങ്ങളുടെ സന്ദർഭം 9:15-10:28 വിവരണങ്ങളിൽ കേന്ദ്രീകൃതമാണ്. ഇസ്രായേലിന്റെ പുറപ്പാടുയാത്രയിൽ ദൈവം അവരോടൊപ്പമുണ്ടായിരുന്നു. ദൈവസാന്നിധ്യം പകൽ മേഘമായും രാത്രി അഗ്നിയായും കൂടാരത്തെ ആവരണം ചെയ്തിരുന്നു (9:15-17). ദൈവം കല്പിക്കുന്നതനുസരിച്ച് മേഘം നിലയുറപ്പിച്ചപ്പോൾ ഇസ്രായേൽ വിശ്രമിക്കുകയും മേഘം നീങ്ങുമ്പോൾ അവർ യാത്ര തുടരുകയും ചെയ്തിരുന്നു (18-23).ദൈവാഹ്വാനമനുസരിച്ചു മോശ വെള്ളികൊണ്ടു കാഹളം നിർമിക്കുകയും (10:2) ജനതകളെ ഒരുമിച്ചു കൂട്ടുകയും ചെയ്തു (10:1-10). മോശക്കുനൽകിയ ദൈവീക വെളിപാടനുസരിച്ചുള്ള ഇസ്രായേൽ ജനതയുടെ വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രാവിവരണമാണ് (9:15-10:28) വചന (10:29-36) പശ്ചാത്തലം.

### സാരം

മോശയുടെ ബന്ധുവായ ഹോബാബിനെ വാഗ്ദത്തഭൂമിയിലേക്കു അനുയാത്രചെയ്യാൻ മോശ ക്ഷണിക്കുന്നു (29). ഇസ്രായേല്യരും കേന്യരും തമ്മിലുള്ള അഭേദ്യബന്ധത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. ഹോബാബിനു ആ ദേശത്തെക്കുറിച്ചുള്ള അറിവാണ് 31-ാം വചനത്തിലൂടെ മോശ വെളിപ്പെടുത്തുന്നത്.ഇസ്രായേല്യരുടെ യാത്ര വാഗ്ദത്ത ഭൂമി കേന്ദ്രീകൃതമായാണ് (32). സീയോൻ, ഹോറെബ് എന്നീ നാമങ്ങൾക്കുപകരം, പഞ്ചഗ്രന്ഥിക്ക് തീർത്തും അപരിചിതമായ കർത്താവിന്റെ പർവതം (33) എന്ന പ്രയോഗമാണ് ഇവിടെ

www.malankaralibrary.com

ഉപയോഗിച്ചിരിക്കുന്നത്.ഇത് സീയോനിലുള്ള ദൈവസാന്നിധ്യത്തിനു ഊന്നൽ നൽകുന്നു.

യുദ്ധഭൂമിയുടെ അന്തരീക്ഷം അനുവാചകരിൽ എത്തിക്കുകയാണ് 'കർത്താവേ, ഉണരുക' (35) എന്ന മോശയുടെ പ്രാർഥനവഴി ഇസ്രായേൽക്കാരുടെ വിശ്വാസത്തോടെയുള്ള അനുസരണവും ആരാധനാത്മക ജീവിതവും 35–36 വചനങ്ങളിലൂടെ ഗ്രന്ഥകാരൻ വിവരിക്കുന്നു. ഇസ്രായേലിനു എങ്ങനെയാണ് കർത്താവിന്റെ വാഗ്ദാനപേടകം വഴികാട്ടിയായതും വിശ്രമസ്ഥലം കാണിച്ചുകൊടുത്തതെന്നും വിവരിക്കുന്നു. കൂടാതെ, വാഗ്ദാനപേടകവുമായി ബന്ധപ്പെട്ട ചില ആരാധനക്രമ പദോപയോഗങ്ങളും ഈ വിചിന്തനഭാഗത്തു കാണാൻ സാധിക്കും (സംഖ്യ 10:29–36).

## സന്ദേശം

മാനുഷികബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്ന ദൈവിക സാന്നിധ്യമായി മോശയുടെ പക്കൽ ഹോബാബ് അണയുന്നു.സ്വീകർത്താവാകുക മാത്രമല്ല മോശ ചെയ്യുന്നത്.ദൈവം നൽകുന്ന വാഗ്ദാനങ്ങളിൽ ഭാഗഭാക്കാകാൻ കൂടി ഹോബാബിനെ അവൻ ക്ഷണിക്കുന്നു. സഹജനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും ദൈവവാഗ്ദാനങ്ങളുടെ പൂർത്തിക്കായി ഉപയുക്തമാക്കുന്നതിനും നമുക്കു കഴിയുന്നുണ്ടോ? ദൈവം നൽകുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമുക്കു സാധിക്കുന്നുണ്ടോ?

മരുഭൂമി അനുഭവങ്ങളിലൂടെ പൂർവികർ കടന്നുപോയപ്പോൾ പേടകമായും മേഘത്തണലായും ദൈവസാന്നിധ്യം അവരോടൊപ്പമുണ്ടായിരുന്നു. പുതിയ ഇസ്രായേലായ നമ്മോടൊത്തുവസിക്കുന്ന ദിവ്യകാരുണ്യ സാന്നിധ്യം നമുക്കു എത്രമാത്രം അനുഭവിക്കാൻ കഴിയുന്നുണ്ട്? വിശ്വാസജീവിതം നയിച്ച്, ദൈവകല്പനകൾ പാലിച്ച്, അവിടുന്നു വാഗ്ദാനം ചെയ്ത നിത്യസൗഭാഗ്യത്തിലെത്തിച്ചേരാൻ ദൈവപുത്രനായ ഈശോയുടെ സാന്നിധ്യം നമുക്കും തേടാം. ജീവിത മരുഭൂമിയിലൂടെ ഉഴലുമ്പോൾ മോശ സഹായത്തിനു ഹോബാബിനെ തേടിയപോലെ കൂട്ടിനായി, വഴികാട്ടിയായി ഈശോ കൂടെയുണ്ടാകട്ടെ.

**ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ SH**

www.malankaralibrary.com

## യോഹ 1:14-18

## സന്ദർഭം

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ ആമുഖഗീതം എന്ന റിയപ്പെടുന്ന ഭാഗമാണ് 1:1-18 വചനങ്ങൾ.താത്വീക ആത്മീയ ബൗദ്ധീ കാർഥത്തിൽ സുവിശേഷസാരസംഗ്രഹമായി ഈ ഭാഗം നിലകൊ ള്ളുന്നു.അനുവാചകർക്ക് അഗ്രാഹ്യമായ അമൂർത്ത ചിന്താശകല ങ്ങളിലൂടെയാണ് ഇത് ആരംഭിക്കുന്നത് (1:1-14).വെളിപ്പെടുത്തിയതും എന്നാൽ അജ്ഞാതവുമായി നിലകൊള്ളുന്ന (*sub specie æternitatis*) ചരിത്രപശ്ചാത്തലം(1:1-14) വ്യക്തമായി അവതരിപ്പിക്കുകയാണ് 14 -18 വചനങ്ങൾ.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (14) എന്നു കു റിച്ചുകൊണ്ടാണ് ഈശോയുടെ മനുഷ്യാവതാര ചരിത്രം സുവിശേ ഷകൻ വിവരിക്കുന്നത്(14-18). ഈ ചരിത്രവിവരണത്തിനു ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു (1:1)എന്നു തുടങ്ങുന്ന ആദ്യഭാഗവിവരണങ്ങൾ (1:1-14) പശ്ചാത്തലമൊരുക്കുന്നു.

## സാരം

ഈശോ വചനമാണ് എന്ന വിശുദ്ധ യോഹന്നാന്റെ പ്രബോധ നങ്ങളുടെ ക്ലൈമാക്സാണ് വചനം മാംസമായി (14) എന്നത്. മാം സം എന്ന പദോപയോഗം വിവക്ഷിക്കുന്നത് മനുഷ്യസ്വഭാവത്തെ യാണ്. മിശിഹായിലൂടെ സമ്പൂർണ്ണ ദൈവമനുഷ്യസംഗമം സംജാ തമാകുന്നു (14). മിശിഹായെ സ്വജീവിതത്തിലേക്കു സ്വീകരിച്ച ശ്ലീഹ ന്മാരെയും ആദിമസഭയെയും അനുസ്മരിക്കുന്നതാണ് നമ്മുടെ ഇട യിൽ എന്ന ബഹുവചനോപയോഗം. ദൈവകരുണയുടെ വാഗ്ദാന മായ പഴയനിയമ പൂർത്തീകരണമാണ് കൃപയും സത്യവും എന്ന പ്രസ്താവനയിലൂടെ സാധ്യമാക്കുക.

യോഹന്നാന്റെ സാക്ഷ്യം ഈശോയെ ചരിത്രപുരുഷനായി വെ ളിപ്പെടുത്തുന്നു. കൃപയ്ക്കുമേൽ കൃപ എന്ന പ്രസ്താവന, ഈശോ യിൽ വിശ്വസിച്ചിരുന്നവർക്ക് ഈശോയിൽ ഉണ്ടായിരുന്ന കൃപയ്ക്ക് അനുസൃതമായ കൃപ ലഭിച്ചു എന്നതാണ്. പിതാവുമായി ഗാഢബ ന്ധം പുലർത്തുന്ന (18) ഈശോയുടെ സ്ഥാനം അവിടുത്തെ ഹൃദ

www.malankaralibrary.com

യത്തിലാണ്. ആ പുത്രനാണ് പിതാവിനെ ലോകത്തിനു വെളിപ്പെടുത്തിയത്.

## സന്ദേശം

വചനം മാംസമായി നമ്മുടെ ഇടയിൽ അവതരിച്ച ഈശോമിശിഹായുടെ അനുഭവസാക്ഷിയാകാൻ സുവിശേഷകനെപ്പോലെ എനിക്കു കഴിയുന്നുണ്ടോ?ഈശോയാകുന്ന വെളിച്ചം സഭയിലൂടെ, എന്റെ ജീവിതത്തിലെ സത്പ്രവൃത്തികളിലൂടെ, ലോകത്തിൽ പ്രശോഭിക്കണം. ആരും കണ്ടിട്ടില്ലാത്ത ദൈവത്തെ ഈശോ ലോകത്തിനു വെളിപ്പെടുത്തി. അന്ധകാരം നിറയുന്ന ലോകത്തിൽ കൃപയുടെയും സത്യത്തിന്റെയും പൂർണതയായി കടന്നുവന്ന മിശിഹായുടെ പുനരവതരണങ്ങളായി മാറുകയാണ് നമ്മുടെ ഓരോരുത്തരുടെയും ദൗത്യം. അതിനായി പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ഈശോയാണ് നമുക്കു മാതൃക. ഒരു ആബാ അനുഭവത്തിലേക്കു നമ്മൾ വളരണം. അവിടുന്നുമായുള്ള ഗാഢബന്ധത്തിലൂടെ ദൈവത്തെ അറിയാത്ത മക്കൾക്ക് ദൈവപിതാവിന്റെ സ്നേഹം പകർന്നുനൽകണം. ഈശോയിലൂടെ നാം നേടിയെടുത്ത പുത്രത്വത്തിന്റെ അവകാശികളായി ജീവിക്കാൻ നമുക്കു സാധിക്കണം.

**ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ SH**

---

# പ്രസംഗം

## വചനത്തിന്റെ ഉൾപ്പൊരുളുകൾ

പാതിരാവിന്റെ കൂരിരുട്ടിൽ പൊൻവെളിച്ചമായി, പാപാന്ധകാരത്തിലായിരുന്ന മനുഷ്യരാശിയുടെ ഹൃദയത്തിൽ വിശുദ്ധിയുടെ വെൺപ്രഭയായി ഒരു ദിവ്യജനനം. അതൊരു വെളിപ്പെടുത്തലായിരുന്നു. ദൈവം തന്നെയായ വചനത്തിന്റെ ശക്തി വെളിപ്പെടുത്തപ്പെട്ട അവിസ്മരണീയ സംഭവം. തന്റെ പിറവിയിലൂടെ യേശു ആദ്യമായി വെളിപ്പെടുത്തിയ സത്യം. ഗബ്രിയേൽ ദൂതനിലൂടെ ദൈവം പറഞ്ഞ വചനം മറിയത്തിന്റെ ഉദരത്തിൽ ജീവനുള്ള ഒരു പൈതലായി രൂപാന്തരപ്പെടുന്നു. മനുഷ്യ ദൃഷ്ടിയിൽ അസാധ്യം. ശാസ്ത്ര ദൃഷ്ടിയിൽ അസംഭവ്യം. എന്നിട്ടും അതു സംഭവിച്ചു. ദൈവവചനം ജീവ

www.malankaralibrary.com

നാണെന്ന സ്ഥിരീകരണം. ഒപ്പം മറ്റൊന്നുകൂടി സ്ഥിരീകരിക്കപ്പെട്ടു. ദൈവവചനം ഫലമണിയും. വാഗ്ദാനങ്ങളിൽ വിശ്വസ്തനായവന്റെ ഉറപ്പ്. വചനത്തിന്റെ സ്ഥിരീകരണം അവന്റെ ജനനത്തിലൂടെ വെളി പ്പെടുത്തപ്പെട്ടു.

ഒരിക്കൽകൂടി വചനത്തിന്റെ ശക്തി വെളിപ്പെടുത്തപ്പെട്ട മറ്റൊരു ജനനമായിരുന്നു സ്നാപകയോഹന്നാന്റേത്. ഗബ്രിയേൽ മാലാഖ യിലൂടെ ഒരിക്കൽ കൂടി സംസാരിക്കപ്പെട്ട ദൈവവചനം. പ്രതികൂല സാഹചര്യത്തിലും ഫലമണിഞ്ഞ ദൈവവചനം. മാതൃഗർഭത്തിൽ വച്ചു തന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവപുത്രന്റെ സാന്നി ധ്യം തിരിച്ചറിഞ്ഞവനാണ് സ്നാപകൻ. താൻ അനുഭവിച്ച, തിരിച്ച റിഞ്ഞ വെളിച്ചത്തിന് ഭയം കൂടാതെ യോഹന്നാൻ സാക്ഷ്യം നൽകി. തന്റെ ദൈവപുത്രത്വം തിരിച്ചറിഞ്ഞവരോട് യോഹന്നാനെപ്പോലെ അത് സധൈര്യം സാക്ഷിപ്പെടുത്താനുള്ള കടമയെക്കുറിച്ച് യേശു ഇവിടെ വെളിപ്പെടുത്തുന്നില്ലേ? ജീവൻ തന്നെയായ സത്യവച നത്തെ സാക്ഷ്യപ്പെടുത്താനുള്ള കടമ.

പിതാവും പുത്രനും ആത്മാവുമായ പരിശുദ്ധ ത്രിത്വത്തിന്റെ ര ഹസ്യവും മഹത്ത്വവും വെളിപ്പെടുത്തുന്നതും കൂടിയാണ് യേശു വിന്റെ മനുഷ്യാവതാരത്തിന്റെ പൊരുൾ. പിതാവായ ദൈവം തന്നെ ഏല്പിച്ച ജോലി പൂർത്തീകരിച്ചുകൊണ്ട് ഭൂമിയിൽ യേശുവിന്റെ പിതാവിനെ മഹത്ത്വപ്പെടുത്തി. ലോകസൃഷ്ടിക്കു മുമ്പേ ഉണ്ടായി രുന്ന പിതാവിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. മലമുകളിൽ വച്ച് ശിഷ്യന്മാർക്ക് തന്റെ സ്വർഗീയ മഹത്ത്വം അവിടു ന്ന് വെളിപ്പെടുത്തുകയും അത് സ്ഥിരീകരിക്കുകയും ചെയ്തു. പാപ ത്തിന്റെ ബന്ധനങ്ങളഴിച്ച് നമ്മെ ദൈവപുത്രസ്ഥാനത്തേക്കുയർത്തി ക്കൊണ്ടും സ്വർഗത്തിന് അവകാശികളാക്കിക്കൊണ്ടും നമ്മുടെമേൽ കൃപചൊരിഞ്ഞു. സത്യത്തിന്റെ പൂർണതയിലേക്ക് നമ്മെ നയിക്കാ ൻ പിതാവിൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവിനെ ലോകത്തിലേ ക്കയച്ചുകൊണ്ട് കൃപയ്ക്കുമേൽ കൃപ ചൊരിഞ്ഞു. ഈ സത്യാ ത്മാവ് തന്നെ നേടുന്നവർക്ക് സ്വർഗീയമഹത്ത്വം ബോധ്യപ്പെടുത്തു കയും വചനമാകുന്ന ദൈവത്തിന്റെ പ്രവൃത്തികൾക്ക് സാക്ഷ്യം ന ൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ വചനമാകുന്ന ദൈവം – ഈ ദൈവത്തെ നമുക്കെങ്ങനെ മഹത്വപ്പെടുത്താം? വചനത്തിന്റെ അന്തഃസത്ത മനുഷ്യാവതാരത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും വെളിപ്പെടുത്തിയതിലൂടെ പിതാവിനെ മഹത്ത്വപ്പെടുത്തിയ യേശുവിനോട് ചേർന്ന് നമുക്ക് നമ്മുടെ വചനങ്ങളിലൂടെ, കർമങ്ങളിലൂടെ മറ്റുള്ളവരുടെ മുമ്പിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സാന്നിധ്യങ്ങളാകാം. കണ്ണീരൊപ്പുന്ന സാന്ത്വനമായും കേൾക്കാൻ കൊതിക്കുന്ന ഇത്തിരി സ്നേഹമായും നീറുന്ന വേദനകളിൽ ഒരിറ്റു കരുണയായും പൊലിയാൻ തുടങ്ങുന്ന സന്തോഷങ്ങളിലും പ്രതീക്ഷകളിലും സ്വപ്നങ്ങളിലും ജീവനേകുന്ന ബലവും ധൈര്യവുമായും ദൈവത്തിന്റെ കൃപകളെ വെളിപ്പെടുത്താം. കാരണം, ദൈവത്തിന്റെ വചനം ജീവനേകുന്നതും നാം അത് ആവോളം ഗ്രഹിച്ചവരുമാണ്. അത്ഭുതങ്ങൾ സംഭവിക്കും, തീർച്ച.

**ഫാ. ഷിനു ഉതുപ്പാൻ**

www.malankaralibrary.com



ജനുവരി 22

ദനഹാ 3-ാം ഞായർ

# ഭാഷ്യം

സംഖ്യ 11:10-20; യോഹ 1:29-34

## സംഖ്യ 11:10-20

### സന്ദർഭം

വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ച് ഇസ്രായേൽ ജനം നടത്തിയ യാത്രയാണ് സംഖ്യാപുസ്തകത്തിന്റെ ഇതിവൃത്തം. ദൈവം അവരെ അടിമത്തത്തിൽനിന്ന് അത്ഭുതകരമായി മോചിപ്പിച്ചു; ചെങ്കടൽ വിഭജിച്ച് മറുകരെ എത്തിച്ചു. സീനായ്മലയിൽവച്ച് ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിച്ചു. ആവശ്യമായതെല്ലാം നൽകി വഴിനടത്തി. എന്നിട്ടും അവർക്കു പരാതികൾ മാത്രമേ ഉള്ളൂ. വഴി ക്ലേശകരമാണ്; കിട്ടുന്ന അപ്പത്തിന് രുചിയില്ല; വാഗ്ദത്തഭൂമിയിൽ ഇനിയും എത്തിയില്ല. ജനം മാത്രമല്ല അവരെ നയിക്കാൻ നിയുക്തനായ മോശയും തന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തെപ്രതി ദൈവത്തിന്റെ മുമ്പിൽ പരാതികളും പ്രതിഷേധങ്ങളും ഉയർത്തി. ജനവും നേതാവും ഒരേപോലെ ദൈവത്തോടു കലഹിക്കുന്ന ഒരു സംഭവമാണ് ഇവിടെ വിവരിക്കുന്നത്.

### സാരം

ഭക്ഷണത്തിനു രുചി പോരാ എന്നതാണ് ജനത്തിന്റെ പരാതി. വിശന്നു വലഞ്ഞപ്പോൾ മരുഭൂമിയിൽ സൗജന്യമായി കിട്ടിയ മന്ന അവർക്കു തേൻപോലെ മധുരിച്ചു. എന്നാൽ കാലക്രമത്തിൽ ഒരേ ഭക്ഷണം കഴിച്ച് അവർക്കു മടുത്തു. മാലാഖമാരുടെ അപ്പം എന്ന് ഒരിക്കൽ വിശേഷിപ്പിച്ചത് ഇപ്പോൾ വിലകെട്ട അപ്പമാണ്. അവർക്ക് സ്വാദുള്ള ഭക്ഷണം വേണം - ഇറച്ചി! അടിമത്തത്തിന്റെ ക്ലേശങ്ങൾ എല്ലാം മറന്നു. അന്നുകിട്ടിയിരുന്ന ആഹാരത്തെക്കുറിച്ചുള്ള ചിന്തയാൽ അവരുടെ വായിൽ വെള്ളമൂറി.

മോശയ്ക്കുമുണ്ട് പരാതികൾ. ജനത്തെ നയിച്ചുമടുത്തു; ഭാരം മുഴുവൻ ഒറ്റയ്ക്കുതാങ്ങി തളർന്നു. പരാതി ദൈവത്തോടാണ്. വാഗ്ദ

www.malankaralibrary.com

ത്ത ഭൂമിയിലേക്കുള്ള തീർഥയാത്ര പകുതിവഴിക്ക്, മരുഭൂമിയിൽ അവസാനിക്കും എന്ന പ്രതീതി സംജാതമായി.

## സന്ദേശം

കാനാൻദേശം ലക്ഷ്യമാക്കി ഇസ്രായേൽ ജനം നടത്തിയ തീർഥയാത്ര ഒരു പ്രതീകമാണ്; ഓരോ വ്യക്തിയുടെയും സഭാസമൂഹത്തിന്റെയും മനുഷ്യവർഗം മുഴുവന്റെയും പ്രതീകം. തീർഥാടകസമൂഹം എന്നാണ് സഭയെ വിശേഷിപ്പിക്കുന്നത്. ദൈവത്തോടൊന്നിച്ചുള്ള നിത്യജീവിതമെന്ന സ്വർഗംതേടിയുള്ള യാത്ര.

യാത്രാമധ്യേ ക്ലേശങ്ങളും കഷ്ടപ്പാടുകളും പ്രലോഭനങ്ങളായി മാറാം. കിട്ടുന്നതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ കൂടുതൽ സുഖഭോഗങ്ങൾക്കായുള്ള ആഗ്രഹങ്ങളും അഭിലാഷങ്ങളും ആസക്തികളായി ഉയരാം. ഇറച്ചി തിന്നാനുള്ള ആഗ്രഹം ഭോഗാസക്തിയുടെ ഒരു പ്രതീകമായി നിൽക്കുന്നു. അത് വരുത്തിവയ്ക്കുന്ന ദുരന്തമാണ് കിബ്രോത്ത് ഹത്താവ– അത്യാഗ്രഹത്തിന്റെ ശവക്കുഴി (സംഖ്യ 11:34). കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടാൻ ശീലിക്കണം. ലഭിക്കുന്ന ദാനങ്ങളുടെ വില മനസ്സിലാക്കാൻ കഴിയണം. അല്ലെങ്കിൽ സർവനാശമായിരിക്കും ഫലം. തിന്നുതിന്ന് മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനിച്ച് ഛർദിച്ച്, ഛർദിയിൽ കിടന്നു ചാകുന്നതിന്റെ ഭീകരചിത്രം മുന്നറിയിപ്പായി സ്വീകരിക്കണം.

മോശയുടെ പരാതികൾ സത്യമാണെങ്കിലും മറന്നുപോകുന്ന ഒരു കാര്യമുണ്ട് – നേതൃത്വം പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകത. നേതാവ് എത്ര കഴിവുള്ളവനായാലും എല്ലാം തനിച്ചു ചെയ്യാൻ തുടങ്ങുമ്പോൾ തളരും; ജനം അസംതൃപ്തരാകും. പരിപൂർണ പരാജയമായിരിക്കും ഫലം. അതിനാൽ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കണം. ഇന്ന് ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ സഭയിലാകമാനം ചർച്ചാവിഷയമായിരിക്കുന്ന സിനഡാലിറ്റിയാണ് പ്രധാനം. പച്ചമലയാളത്തിൽ 'കൂട്ട ഓട്ടം' ഓരോരുത്തർക്കും ആവശ്യവും അർഹവുമായ സ്ഥാനം നൽകുക.

**ഡോ. മൈക്കിൾ കാരിമറ്റം**

www.malankaralibrary.com

## യോഹ 1:29-34

## സന്ദർഭം

യേശുവിനെ ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനും ക്രിസ്തുവുമായി ജനത്തിനു പരിചയപ്പെടുത്താൻ അയക്കപ്പെട്ടവനാണ് സ്നാപകയോഹന്നാൻ. മിശിഹായ്ക്കു വഴിയൊരുക്കുന്ന ഏലിയായെപ്പോലെ യോഹന്നാന്റെ പ്രസംഗങ്ങളും ആഹ്വാനങ്ങളും കേട്ട ജനം ചോദിച്ചുതുടങ്ങി: ഇവൻ തന്നെയായിരിക്കുമോ നാം പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവ്? പൊതുജനം മാത്രമല്ല, ജനനേതൃത്വവും ഈ ചോദ്യം ഉന്നയിച്ചു, പ്രതിനിധികൾവഴി യോഹന്നാനോടു നേരിട്ടു ചോദിച്ചു. അതിനുള്ള മറുപടിയാണ് യോഹന്നാന്റെ പ്രഖ്യാപനങ്ങളായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. യേശുവിനെക്കുറിച്ചു പറയുക മാത്രമല്ല, തന്റെ അടുക്കലേക്കുവരുന്ന യേശുവിനെ സ്നാപകൻ ജനത്തിനു നേരിട്ടു പരിചയപ്പെടുത്തുകയും ചെയ്തു. കേൾവിക്കാരിൽ രണ്ടുപേർ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. യോഹന്നാന്റെ ശിഷ്യരായിരുന്ന ആ രണ്ടുപേർ ഗുരുവിന്റെ വാക്കുകേട്ട് യേശുവിനെ അനുഗമിക്കുന്നു, കൂടെ വസിക്കുന്ന, യേശുവിന്റെ ശിഷ്യരായി മാറുന്നു.

## സാരം

ഇസ്രായേൽ ജനത്തെ മാത്രമല്ല, ലോകജനതകളെ മുഴുവൻ പാപത്തിൽനിന്നു രക്ഷിച്ച്, ദൈവത്തിന്റെ സ്വന്തം ജനമാക്കി മാറ്റാൻ വരുന്ന രക്ഷകനാണ് തനിക്കു പിന്നാലെ വരുന്ന യേശു എന്ന് സ്നാപകയോഹന്നാൻ സംശയത്തിനു പഴുതില്ലാത്തവിധം വ്യക്തമായി പ്രഖ്യാപിച്ചു. യേശുവാണ് ലോകത്തിന്റെ പാപം മുഴുവൻ പരിഹരിക്കുന്നതിനുവേണ്ടി അർപ്പിക്കപ്പെടുന്ന ദൈവത്തിന്റെ കുഞ്ഞാട്. പഴയനിയമത്തിൽ നിർദേശിച്ചിരുന്ന സകല ബലികളും യേശുവിന്റെ ഏകബലിയിൽ പൂർത്തിയാകും. തന്റെ മുമ്പിൽ നിൽക്കുന്ന നസ്രായനായ യേശുതന്നെയാണ് ആ രക്ഷകൻ. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഈ സത്യത്തിന് സാക്ഷിയായി നിൽക്കുന്നു. ആത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് യേശുവിന്റെമേൽ ആവസിക്കുന്നത് ജോർദാനിലെ മാമ്മോദീസായിലേക്ക് വിരൽചൂണ്ടുന്നു. അതോടൊപ്പം പിതാവായ ദൈവം പുത്രനായ യേശുവിനെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത് ദൗത്യത്തിനൊരുക്കുകയായിരുന്നു എന്നും സൂചിപ്പിക്കുന്നു.

www.malankaralibrary.com

1:35-42 വാക്യങ്ങൾ യോഹന്നാന്റെ ശിഷ്യന്മാർ യേശുവിനെ അനുഗമിച്ച് ശിഷ്യന്മാരാകുന്നതിനെ അവതരിപ്പിക്കുന്നു. സ്നാപകന്റെ സാക്ഷ്യം ആ ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്കു നയിക്കുന്നു. യേശുവുമായുള്ള കണ്ടുമുട്ടൽ അവരെ യഥാർഥ ശിഷ്യന്മാരും യേശുവിനു സാക്ഷ്യം വഹിക്കുന്ന പ്രേഷിതരുമാകണം.

## സന്ദേശം

ശിഷ്യൻ ഗുരുവിന്റെ പകരക്കാരനല്ല; ഗുരുവിന്റെ കസേരയിൽ കയറി ഇരിക്കരുത്. യോഹന്നാന് തന്റെ ദൗത്യത്തെക്കുറിച്ച് വ്യക്തമായ അവബോധമുണ്ടായിരുന്നു. മിശിഹായ്ക്ക് വഴിയൊരുക്കുക, അവനെ ജനത്തിനു പരിചയപ്പെടുത്തുക; രക്ഷകനു വഴിമാറുക എന്നും പ്രസക്തമാണ് ഈ മാതൃകയും ദൗത്യവും. ക്രിസ്തുശിഷ്യൻ എത്ര ഉന്നതപദവിയിൽ ആണെങ്കിലും മറ്റൊരു ക്രിസ്തുവല്ല. ക്രിസ്തുവിനെ ജനങ്ങൾക്കു പരിചയപ്പെടുത്തുന്നവൻ, ജനത്തെ രക്ഷകനായി ക്രിസ്തുവിന്റെ അടുക്കലേക്കു നയിക്കുന്നവൻ മാത്രമാണ്. തന്റെ ദൗത്യം നിർവഹിച്ചു കഴിയുമ്പോൾ സ്നാപകനെപ്പോലെ വഴിമാറി കൊടുക്കണം. ക്രിസ്തുശിഷ്യർ ക്രിസ്തുവിന്റെ പകരക്കാരനായി, ജനത്തെ ക്രിസ്തുവിൽ നിന്നകറ്റാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഞാനല്ല അവനാണ് രക്ഷകൻ. ഞാൻ ഒരു വഴികാട്ടിമാത്രം.

**ഡോ. മൈക്കിൾ കാരിമറ്റം**

www.malankaralibrary.com

# പ്രസംഗം

## വെളിപ്പെടുത്തലുകളുടെ പൂക്കാലം

ദനഹാക്കാലം വെളിപ്പെടുത്തലുകളുടെ കാലഘട്ടമാണ്. യേശു ആരാണെന്ന് ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവീകസമയമാണ് ദനഹാക്കാലത്തിലെ ഓരോ ഞായറും. ആദ്യ ഞായറിൽ തിരുസഭ നമുക്ക് വെളിപ്പെടുത്തിത്തന്നത് മിശിഹാ സമഗ്രവിമോചകനാണെന്നാണ് (ലൂക്കാ 4:16-22a). മിശിഹാവഴിയാണ് നമുക്ക് കൃപയും സത്യവും ലഭിക്കുന്നതെന്നാണ് രണ്ടാമത്തെ ഞായറിൽ നാം മനസ്സിലാക്കുന്നത്. മിശിഹാ ദൈവപിതാവിന്റെ കൃപയുടെ സജീവസാന്നിധ്യ അടയാളമാണ്; സത്യംതന്നെയായ ദൈവത്തിന്റെ പ്രതിരൂപമാണ് (യോഹ 1:14-18). അതിനെതുടർന്ന് മൂന്നാമത്തെ ഞായറിൽ, പാപം മോചിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് മിശിഹാ എന്ന് നമുക്ക് വെളിപ്പെടുത്തിത്തരുന്നു (യോഹ 1: 29-34). നാലാമത്തെ ഞായറിൽ കാനായിലെ അത്ഭുതത്തിലൂടെ മിശിഹായുടെ മഹത്വംവെളിപ്പെടുത്തുന്നു: കുറവുകളെ നിറവുകളാക്കുന്നവനാണ് നമ്മുടെ മിശിഹാ (യോഹ 2:1-11). സർവലോകത്തിനും രക്ഷ പ്രദാനംചെയ്യുന്ന വലിയ വെളിച്ചമാണ് മിശിഹായെന്ന് അഞ്ചാം ഞായറിൽ നാം മനസിലാക്കുന്നു (യോഹ 3:14-21). ആറാം ഞായറിൽ വെളിപ്പെടുത്തുന്നത് മിശിഹാ ഉന്നതങ്ങളിൽനിന്നുള്ളവനാണെന്നാണ് (യോഹ 3:22-31). ഇങ്ങനെ ആറു ആഴ്ചകളിലൂടെ മിശിഹായെകുറിച്ചുള്ള ദൈവിക വെളിപ്പെടുത്തലുകൾ സുവിശേഷകനായ യോഹന്നാൻ നമുക്ക് വിവരിച്ചു തരുന്നു.

ഇപ്രകാരം വെളിപ്പെടുത്തലുകളുടെ ഒരു പൂക്കാലം സൃഷ്ടിക്കുകയാണ് ഈ ദനഹാക്കാലം. മൂന്നാം ഞായറിലെ സുവിശേഷ ഭാഗം (യോഹ 1:29-34) ഈ പൂക്കാലത്തെ സവിശേഷമായി സമർഥിക്കുന്നുണ്ട്. യേശുവിനു വഴിയൊരുക്കാൻ വിളിക്കപ്പെട്ട സ്നാപക യോഹന്നാൻ തനിക്കു ലഭിച്ച ദൈവിക പ്രചോദനത്താൽ തന്റെ അടുത്തേക്കുവരുന്ന യേശുവിനെ കണ്ട് വലിയൊരു വെളിപ്പെടുത്തൽ നടത്തുന്നു: "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (വാക്യം 29). ഒന്നാമതായി, പഴയനിയമ-പ്രവാചകഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന കുഞ്ഞാട് എന്ന പ്രതീകം യേശുവിൽ അന്വർഥ

www.malankaralibrary.com

മാകുന്നു എന്ന് സ്നാപകയോഹന്നാൻ നമുക്ക് വ്യക്തമാക്കിതരുന്നു. നാലുതരത്തിലുള്ള കുഞ്ഞാടുകൾ ഇത്തരുണത്തിൽ നമ്മുടെ ചിന്തക്ക് വിഷയമാകുന്നു:

1) ദൈവം തരുന്ന കുഞ്ഞാട്: മോറിയാമലയിൽവച്ച്, 'അപ്പാ, തീയും വിറകുമുണ്ടല്ലോ? എന്നാൽ, ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?' എന്ന് കുഞ്ഞു ഇസഹാക്ക് ചോദിച്ചപ്പോൾ 'ബലിക്കുള്ള കുഞ്ഞാടിനെ ദൈവംതന്നെ തരും' എന്ന് അബ്രാഹം മറുപടി പറയുന്നു (ഉത്പ 22:8). ഈ കുഞ്ഞാട് മിശിഹായുടെ പ്രതിരൂപമാണ്.

2) പെസഹാകുഞ്ഞാട്: ഈജിപ്തിൽ അടിമത്തത്തിലായിരുന്ന ഇസ്രായേൽ മക്കൾ അടിമത്തത്തിൽനിന്ന് മോചിതരാക്കപ്പെടുന്നതിനു വഴിതെളിച്ചത് പെസഹാക്കുഞ്ഞാടിന്റെ രക്തം അവരുടെ ഭവനത്തിന്റെ കട്ടിളപ്പടിയിന്മേൽ തളിച്ചപ്പോൾ ആണ്. അവരെ മരണത്തിൽനിന്ന് ദൈവം രക്ഷിച്ചത് ഈ രക്തം വഴിയാണ്(പുറ 12:11–13). എന്നാൽ, പുതിയ ഇസ്രായേലായ നമ്മെ പാപത്തിൽനിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും രക്ഷിക്കാൻ ശക്തിയുള്ളവൻ ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായാണെന്നു സ്നാപകയോഹന്നാൻ വെളിപ്പെടുത്തിത്തരുന്നു. യേശുവിനു മാത്രമേ യാഥാർഥ വിമോചനം നൽകാൻ സാധിക്കുകയുള്ളൂ എന്ന് സ്നാപകയോഹന്നാൻ മുൻകൂട്ടിക്കണ്ട് പ്രസ്താവിക്കുന്നു.

3) ജറുസലെം ദൈവാലയത്തിൽ എന്നും അർപ്പിക്കപ്പെടുന്ന കുഞ്ഞാട്: പാപപരിഹാരബലിയായും സുഗന്ധവാഹിയായ ദഹനബലിയായും എല്ലാ ദിവസവും – പ്രഭാതത്തിലും പ്രദോഷത്തിലും –ദൈവാലയത്തിൽ രണ്ടുകുഞ്ഞാടുകളെ ബലിയർപ്പിക്കുന്ന പതിവുണ്ട് (പുറ 29:38–41; സംഖ്യ 28: 8). അവ ഊനമറ്റതായിരിക്കണം. അപ്പോൾ ആ ബലി കർത്താവിനു സ്വീകാര്യമാകും (ലേവ്യ 3:6; 22: 21). എന്നാൽ, തന്റെ അടുത്തേക്ക് വരുന്ന യേശുവിനെ കണ്ടപ്പോൾ, സകല മനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരമായി ദൈവത്തിനു സ്വീകാര്യമായ ദഹനബലിയായിതീരാൻ കെൽപ്പുള്ളവൻ ദൈവപുത്രനായ മിശിഹാ മാത്രമാണെന്ന് സ്നാപകയോഹന്നാന് മനസ്സിലായി.

4) ജനങ്ങളുടെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്: ആടിന്റെ തലയിൽ കൈകൾവച്ച് അഹറോൻ ഇസ്രായേൽ ജനങ്ങളുടെ എല്ലാ അകൃത്യങ്ങളും അക്രമങ്ങളും പാപങ്ങളും ഏറ്റുപറയുന്നു.

www.malankaralibrary.com

അവയെല്ലാം ആ ആടിന്റെ ശിരസ്സിൽ ചുമത്തി അതിനെ മരുഭൂമിയിലേക്ക് പറഞ്ഞുവിടുന്നു (ലേവ്യ 16:21–22). ഈ ആടിനെ മനസ്സിൽ ഓർത്തുകൊണ്ടാണ് സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്ന് വിശേഷിപ്പിച്ചത്.

**രണ്ടാമതായി,** പ്രവാചകന്മാർ സ്വപ്നംകണ്ട കുഞ്ഞാടാണ് മിശിഹായെന്നു സ്നാപകയോഹന്നാൻ വെളിപ്പെടുത്തുന്നു. ജറെമിയ പ്രവാചകൻ ദർശിച്ച 'കൊലയ്ക്കുകൊണ്ടുപോകുന്ന ശാന്തനായ കുഞ്ഞാടിനെപോലെ' (11:19)യാണ് മിശിഹാ എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഏശയ്യാപ്രവാചകൻ അരുളിചെയ്തതുപോലെ, ആ കുഞ്ഞാട് 'മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻകൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെപോലെയും അവൻ മൗനം പാലിച്ചു' (53:7). ഇപ്രകാരം പ്രവാചകന്മാർ സ്വപ്നംകണ്ട ആ കുഞ്ഞാടാണ് മിശിഹായെന്നു സ്നാപകൻ നമ്മെ ബോധ്യപ്പെടുത്തുന്നു. കൂടാതെ, ജനങ്ങൾക്കുവേണ്ടി സഹിക്കാനും മരിക്കാനും അവരെ മരണംവരെ സ്നേഹിക്കാനും തയ്യാറായി പ്രവചനങ്ങൾക്ക് പൂർത്തീകരണം മിശിഹാ തന്റെ കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും കാണിച്ചുകൊടുത്തു.

**മൂന്നാമതായി,** മിശിഹാ ആത്മാവിൽ നിറഞ്ഞവനും ആത്മാവിനെ ലോകത്തിനു നൽകുന്നവനുമാണ് എന്നു വെളിപ്പെടുത്തുന്നു. മാമ്മോദീസാവേളയിൽ പ്രാവിന്റെ രൂപത്തിൽ ആത്മാവ് ഇറങ്ങിവന്നത് കണ്ടനുഭവിച്ചവനാണ് സ്നാപകയോഹന്നാൻ. എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ, അവനാണ് പരിശുദ്ധാത്മാവിനെകൊണ്ടു സ്നാനം നൽകുന്നവൻ' (യോഹ 1:33). യോഹന്നാന്റെ സാക്ഷ്യം സത്യമാണ്. അത് നിവർത്തിതമാകുന്നത് ഉത്ഥാനാനന്തരം ശിഷ്യന്മാർക്കു തന്റെ നിശ്വസനത്തിലൂടെ ആത്മാവിനെ നൽകുന്ന ഉത്ഥിതനായ മിശിഹായിലാണ് (യോഹ 20:22).

**നാലാമതായി,** ഈ കുഞ്ഞാട് യഥാർഥത്തിൽ ദൈവപുത്രനാണെന്നു സ്നാപകയോഹന്നാൻ ഏറ്റുപറയുന്നു: 'ഞാൻ ഇത് കാണുകയും ഇവൻ ദൈവപുത്രനാണ് എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു' (യോഹ 1:34). ഇങ്ങനെ മാമ്മോദീസവേളയിൽ വെളി

www.malankaralibrary.com

വാക്കപ്പെട്ട ഈ രഹസ്യം അന്വർഥമാകുന്നത് കുരിശിലാണെന്നു ശതാധിപന്റെ വാക്കുകളിലൂടെ വ്യക്തമാകുന്നു: 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു' (മർക്കോ 15:39). ചുരുക്കത്തിൽ, വെളിപ്പെടുത്തലുകളുടെ ഒരു പൂക്കാലംതന്നെ സൃഷ്ടിക്കുകയായിരുന്നു സ്നാപകയോഹന്നാൻ. മിശിഹായെ ചൂണ്ടിക്കാണിക്കുക മാത്രമല്ല, ആ മിശിഹാ യഥാർഥത്തിൽ ആരാണെന്നു ബോധ്യപ്പെടുത്താനും സ്നാപകൻ സാക്ഷ്യത്തിലൂടെ ശ്രമിച്ചു. ഇനി ഞാൻ ഒന്നുമല്ല, ക്രിസ്തു എല്ലാമാണ് എന്ന് മനസ്സിലാക്കി അരങ്ങൊഴിയുന്ന, അണിയറയിലേക്ക് പ്രവേശിക്കുന്ന സ്നാപകൻ വിശ്വാസസാക്ഷ്യമേകുന്ന ഏവർക്കും പ്രചോദനമാണ്. ഇത്തരുണത്തിൽ, ദനഹാക്കാലത്തിൽ നാം ആലപിക്കുന്ന ദിവ്യകാരുണ്യഗീതം നമ്മെ പ്രചോദിപ്പിക്കട്ടെ: 'വരുവിൻ, മനുഷ്യകുലത്തെയും ലോകംമുഴുവനെയും ദുഷ്ടനിൽ നിന്നു വിമോചിക്കുന്നവനെ നമുക്ക് ഒന്നുചേർന്ന് ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, അവൻ തന്റെ കൃപയാൽ കടങ്ങളുടെ പൊറുതിക്കായി തന്റെ ശരീരരക്തങ്ങളാകുന്ന സ്വർഗീയദാനം നമുക്കു നൽകി.' പാപമോചനം നൽകുന്ന ദൈവകൃപയുടെ വലിയദാനമാണ് നാം അർപ്പിക്കുന്ന, പങ്കെടുക്കുന്ന വിശുദ്ധകുർബാന. അത് സ്വീകരിക്കാൻ നമുക്ക് നമ്മുടെ ഹൃദയത്തെ ഒരുക്കാം. ഭക്തിപൂർവം നമുക്ക് പങ്കെടുക്കാം. ആ ദാനത്തെ സൂക്ഷിച്ചു വീക്ഷിക്കാം.

**ഡോ. ബിൽജു വാഴപ്പിള്ളി**

www.malankaralibrary.com



ജനുവരി 29

ദനഹാ 4-ാം ഞായർ

# ഭാഷ്യം

സംഖ്യ 11:23-35; യോഹ 2:1-11

## സംഖ്യ 11:23-35
## സന്ദർഭം

പഞ്ചഗ്രന്ഥിയിലെ, സംഖ്യ എന്ന നാലാം പുസ്തകത്തിന്റെ ഹീബ്രു നാമം മരുഭൂമിയിൽ എന്ന് ഭാഷാന്തരം ചെയ്യാവുന്ന 'ബമിദ്ബാർ' എന്നാണ്. ഈ പേരുതന്നെ ഇന്നത്തെ വചനഭാഗത്തിന്റെ സന്ദർഭം വ്യക്തമാക്കുന്നു. അടിമത്തനാടായിരുന്ന ഈജിപ്തിൽ നിന്നും പുറപ്പാട് നായകൻ മോശയുടെ നേതൃത്വത്തിൽ പുറത്തുകടന്ന ഇസ്രായേൽ ജനവും അവരുടെ സന്തതികളും ഇപ്പോൾ മരുഭൂമിയിലാണ്. സീനായ് മല മുതൽ വാഗ്ദത്തഭൂമിയുടെ അതിർത്തിപ്രദേശമായ കാദേഷ് ബർണെയാവരെ ഏതാണ്ട് പതിനാല് ദിവസങ്ങൾ കൊണ്ട് തീരുമായിരുന്ന യാത്ര അവസാനിക്കുന്നത് നാൽപതു വർഷങ്ങൾ എടുത്താണ്. ഇക്കാലയളവിൽ മുഴുവൻ ജനം മരുഭൂമിയിലായിരുന്നു. സംഖ്യ 11 ലുള്ളത് പ്രധാനമായും മൂന്നു പ്രതിപാദ്യവിഷയങ്ങളാണ്. മരുഭൂമിയിൽ മാംസത്തിനായി മറുതലിക്കുന്ന ജനം അവർക്ക് മൂക്കുമുട്ടെ കാടപ്പക്ഷികളെ നൽകുന്ന ദൈവം, ഈ ജനത്തെ മുഴുവൻ താങ്ങാൻ ഞാൻ ശക്തനല്ല എന്ന് വിലപിച്ച മോശയ്ക്ക് സഹായികളായി എഴുപത് നേതാക്കന്മാരെ നൽകുന്ന ദൈവം, ശക്തമായ ദൈവചൈതന്യം വർഷിക്കുന്ന വേളയിൽ പാളയത്തിലിരുന്ന് ചൈതന്യം സ്വീകരിച്ച് പ്രവചനം നടത്തുന്ന എൽദാദും മെദാദും. ഇതിൽ ആദ്യത്തേതാണ് ഇന്നത്തെ പരിചിന്തന വിഷയം.

## സാരം

മാറായിലെ ജലം കയ്പാണെന്ന് പറഞ്ഞ് മോശയ്ക്കും ദൈവമായ കർത്താവിനുമെതിരെ തിരിഞ്ഞ ജനം, മാസ്സായിലും മെറീബായിലും പാറക്കെട്ടുകൾക്ക് നടുവിൽ ഞങ്ങൾക്ക് കുടിക്കാൻ തരിക എന്നു പറഞ്ഞ് മോശയ്ക്കും ദൈവത്തിനുമെതിരെ പിറുപിറുത്ത

www.malankaralibrary.com

ജനം, അതേ ജനത്തിനിപ്പോൾ ദൈവം സ്വർഗത്തിൽനിന്നും സൗജന്യമായും സമൃദ്ധമായും നൽകിയ മന്നാ എന്ന ഭക്ഷണം അരുചികരമായി തോന്നുന്നു. അവർ ഈജിപ്തിലെ ഇറച്ചിച്ചട്ടികളെയും പച്ചക്കറികളെയും ഓർത്ത്, വീണ്ടും മോശയ്ക്കും ദൈവമായ കർത്താവിനുമെതിരെ തിരിയുന്നു. 'ആരാണ് ഞങ്ങൾക്ക് ഭക്ഷിക്കാൻ മാംസം തരുക?'ഇതാണ് ജനത്തിന്റെ ആവലാതി. ഇത്രയും വലിയ ജനസഞ്ചയത്തിന് ഒരു മാസക്കാലം ഭക്ഷിക്കാൻ മരുഭൂമിയിൽ മാസം എത്തിച്ച് നൽകുക എന്ന മനുഷ്യബുദ്ധിയിൽ അസാധ്യമായ കാര്യം ദൈവത്തിന് സാധ്യമാകുമോ എന്ന് സംശയിച്ച മോശയോട് ദൈവം പറഞ്ഞു: 'എൻെറ കൈക്കു നീളം കുറഞ്ഞുപോയോ? എൻെറ വാക്കു നിറവേറുമോ ഇല്ലയോ എന്നു നീ കാണും' (സംഖ്യ 11:23).

കാറ്റയച്ച് കടലിൽ നിന്നും അസംഖ്യം കാടപ്പക്ഷികളെ മരുഭൂമിയിലെത്തിച്ച് തനിക്ക് അസാധ്യമായി ഒന്നുമില്ല എന്ന് ദൈവമായ കർത്താവ് തെളിയിക്കുകയും ചെയ്തു.പക്ഷേ, സ്വർഗത്തിൽ നിന്നുമിറങ്ങിയ മന്നായുടെ രുചി അരുചിയായി തോന്നി മാംസത്തിനായി ലഹളകൂട്ടിയ നിഷേധികളായ ജനം സത്യത്തിൽ ഭക്ഷിച്ചത് അവരുടെ മരണമായിരുന്നു. "എന്നാൽ, ഇറച്ചിഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ കർത്താവിൻെറ കോപം ജനത്തിനെതിരേ ആളിക്കത്തി. ഒരു മഹാമാരി അയച്ച് അവിടുന്ന് അവരെ ശിക്ഷിച്ചു" (സംഖ്യ 11:33).

## സന്ദേശം

മരുഭൂമി ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം ഒരേ സമയം അത്ഭുതകരമായ ദൈവിക ഇടപെടലുകളുടെയും അനുഗ്രഹങ്ങളുടെയും അനുസരണക്കേടുമൂലമുണ്ടായ അനർഥങ്ങളുടെയും ശാപങ്ങളുടെയും ഭൂമികയായിരുന്നു. ജീവിതം പരിത്യജിക്കപ്പെട്ടതും വിജനവുമായ ഒരു പാഴ്നിലത്തിന് സദൃശമായി തോന്നുമ്പോൾ ഓർക്കുക,'മരുഭൂമികൾ' ഒരേ സമയം പ്രതീകാത്മകമായി നന്മയും തിന്മയുമാണ്, ജീവനും മരണവുമാണ്.നിർജലമായ മരുഭൂവിൽ ജനസഞ്ചയത്തിന് മതിയാവോളം ശുദ്ധജലം നൽകാൻ ദൈവത്തിന് സാധ്യമാണ്. തരിശുഭൂമിയായ മണൽപ്പരപ്പിൽ സ്വർഗീയ ഭോജനമായ മന്നാ പൊഴിക്കാൻ മാത്രം അവിടുന്ന് കരുതുന്നവനാണ്. കാടപ്പക്ഷികളുടെ മാംസം സമൃദ്ധമായി നൽകി വിജനതയിൽ ജനതയുടെ വിശപ്പടക്കാൻ ദൈവമായ കർത്താവിന് കഴിയും. എന്നാൽ, ഇസ്രായേൽ ജനം ചെയ്തതുപോലെ നിരന്തരം ദൈവത്തെ പ്രകോപിപ്പിക്കരുത്.

www.malankaralibrary.com

ദൈവത്തിന്റെ കരുതലിനെയും കരുണയെയും അവിശ്വസിക്കരുത്. അങ്ങനെ ചെയ്താൽ ആത്യന്തികമായി മരണമായിരിക്കും ഫലം. നന്ദി നിറഞ്ഞ ഹൃദയത്തോടും വിശ്വാസത്തോടും കൂടെ ദൈവകൃപകൾ ഏറ്റുവാങ്ങാം. മന്നായും കാടപ്പക്ഷിയും മതിയാവോളം ഭക്ഷിച്ച ദൈവാനുഗ്രഹത്തിന്റെ മരുഭൂമി, അത്യാഗ്രഹികളുടെ ശവപ്പറമ്പായ കിബ്രോത്ത് ഹത്താവ ആകാതിരിക്കട്ടെ.

**ഡോ. ലൂക്ക് തടത്തിൽ**

## യോഹ 2:1-11
## സന്ദർഭം

ദൈവപുത്രനായ ഈശോമിശിഹാ തന്റെ ദൗത്യം ആരംഭിക്കുന്നതിനായി തിരഞ്ഞെടുത്ത സ്ഥലം ഗലീലി ആയിരുന്നു (മത്താ 4:12-17; മർക്കോ 1:14, ലൂക്കാ 4:14). ഏശയ്യാ പ്രവാചകന്റെ പ്രവചനത്തിൽ ദാവീദിന്റെ സിംഹാസനത്തിൽ എന്നേക്കും വാഴുന്ന ഭാവി രാജാവ് പ്രത്യക്ഷനാകുന്ന സ്ഥലം ഗീലിലി പ്രദേശമാണെന്ന് വ്യക്തമാക്കുന്നുണ്ട് (ഏശ 9:1-2). ഈ പ്രവചനത്തിന്റെ പൂർത്തീകരണം ഈശോമിശിഹായിൽ സംഭവിക്കുന്നതായാണ് സുവിശേഷ വിവരണങ്ങളിൽ നാം കാണുന്നത്. സമാന്തരസുവിശേഷങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് യോഹന്നാൻ സുവിശേഷകനും ഈശോ ദൗത്യം ആരംഭിക്കുന്ന സ്ഥലമായി അവതരിപ്പിക്കുന്നത് ഗലീലിതന്നെയാണ്. ഗലീലിയിലെ കാനായിൽ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച് തന്റെ മഹത്ത്വം ലോകത്തിന് വെളിപ്പെടുത്തുന്ന ദൈവപുത്രനെയാണ് ഇന്ന ത്തെ സുവിശേഷഭാഗത്ത് നാം കണ്ടുമുട്ടുന്നത്. ഈ സുവിശേഷഭാഗം അവതരിപ്പിക്കുമ്പോൾ വിശുദ്ധ യോഹന്നാൻ ഒരു കാലക്രമം പാലിക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. 'മൂന്നാംദിവസം' നടന്ന ഒരു സംഭവമായാണ് കാനായിലെ കല്ല്യാണവിരുന്നിൽ നടന്ന അത്ഭുതത്തെ വിവരിച്ചിരിക്കുന്നത്. ഈ 'മൂന്നാം ദിവസം' ഏതാണ് എന്നതിനെക്കുറിച്ച് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ കാണാവുന്നതാണ്. ഈശോ ഗലീലിയിൽ എത്തിയതിന്റെ മൂന്നാംദിവസം എന്ന വ്യാഖ്യാനമായിരിക്കാം പശ്ചാത്തലവിവരണത്തോട് കൂടുതൽ യോജിക്കുന്നത്. ഗലീലിയിലേക്ക് പോകാനൊരുങ്ങുന്ന ഈശോ പീലിപ്പോസിനോടും നഥാനയേലിനോടും നടത്തുന്ന സംഭാഷണത്തിന്റെ തുടർച്ചയായാണ് ഈ സുവിശേഷസംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. 'അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം ദർശിക്കുമെന്ന് ഏശയ്യാ

www.malankaralibrary.com

പ്രവാചകൻ പ്രവചിച്ച ആ മഹത്തായ പ്രകാശം (ഏശ 9:2), ഗലീലിയിൽവച്ച് എല്ലാവരും ദർശിച്ച സുവിശേഷ സംഭവമാണ് കാനായിലെ വിവാഹവിരുന്ന്.

## സാരം

കാനായിലെ കല്ല്യാണവിരുന്നിൽ നടന്ന ഈ അത്ഭുതത്തെ ഒരു അടയാളമായാണ് വിശുദ്ധ യോഹന്നാൻ അവതരിപ്പിക്കുന്നത്. അടയാളങ്ങൾക്കെല്ലാം ഒരു സന്ദേശം പങ്കുവയ്ക്കാനുണ്ട്. ഈശോ ദൈവപുത്രനാണെന്നും രക്ഷകനാണെന്നുമുള്ള സന്ദേശം പങ്കുവയ്ക്കുക എന്നതാണ് ഈ സുവിശേഷഭാഗത്തിന്റെ ഉദ്ദേശ്യം. അതിലൂടെ അവിടുത്തെ ശിഷ്യരെ വിശ്വാസത്തിലേക്ക് നയിക്കുകയാണ് ലക്ഷ്യം. അത്ഭുതങ്ങൾ അടയാളങ്ങൾ ആണെന്നും അടയാളങ്ങൾ വിശ്വാസത്തിൽ ആഴപ്പെടുത്തുമെന്നും സാരം.

## സന്ദേശം

1. സ്വന്തം കാര്യം സാധിച്ചു കിട്ടാൻവേണ്ടി മാത്രം അത്ഭുതങ്ങൾക്കായി കാത്തിരിക്കുന്ന ഈ ലോകത്ത്, അത്ഭുതങ്ങൾ കാത്തിരിക്കേണ്ടത് വിശ്വാസത്തിൽ ആഴപ്പെടാനാണെന്ന് ഈശോ പഠിപ്പിക്കുകയാണ്. അനുഗ്രഹം ലഭിച്ചത് വിവാഹിതരായ വധൂവരന്മാർക്ക് ആണെങ്കിലും അത്ഭുതം നടന്നത് ശിഷ്യർക്കുവേണ്ടിയായിരുന്നു. അവരെ വിശ്വാസത്തിലേക്ക് നയിക്കാൻ. ഈശോയിലുള്ള വിശ്വാസത്തിൽ അടിയുറച്ച് വളരാനാണ് അത്ഭുതങ്ങൾ നമ്മെ സഹായിക്കേണ്ടത്. വിശ്വാസത്തിലേക്ക് നയിക്കാത്ത അത്ഭുതങ്ങൾ ക്രിസ്തുശിഷ്യർക്ക് കരണീയമല്ല എന്ന സന്ദേശം ഈ അത്ഭുതം നൽകുന്നു.

2. ഈശോയെ ക്ഷണിക്കുക എന്നാൽ ഈശോയോട് പ്രാർഥിക്കുക എന്നാണർഥം. കാനായിലെ കല്ല്യാണവിരുന്നിലേക്ക് ഈശോ ക്ഷണിക്കപ്പെട്ടതുപോലെ നമ്മുടെ ജീവിതസാഹചര്യങ്ങളിലേക്ക് നാം ഈശോയെ ക്ഷണിക്കണം. ഏത് ജീവിതമുഹൂർത്തങ്ങളും അവിടുത്തെ സാന്നിധ്യംകൊണ്ട് അനുഗൃഹീതമാകണം. ഈശോയുടെ സാന്നിധ്യമുള്ളിടത്ത് കുറവുകൾ പരിഹരിക്കപ്പെടും. വീഞ്ഞിന്റെ കുറവ്, വീഞ്ഞിന്റെ സമൃദ്ധിയായി മാറിയതുപോലെ നമ്മുടെ വ്യക്തിജീവിതത്തിലെയും കുടുംബജീവിതത്തിലെയും കുറവുകൾ നിറവുകളായി മാറും. അതിന് എല്ലാ ജീവിതമേഖലകളിലേക്കും അവിടുന്ന് ക്ഷണിക്കപ്പെടണം. ഈശോയെ ക്ഷണിക്കുക എന്നത് ശിഷ്യ ന്റെ കടമയാണ്, കർത്തവ്യമാണ്.

www.malankaralibrary.com

3. ദൈവത്തിനു പ്രവർത്തിക്കാനുള്ള സമയം നിശ്ചയിക്കുന്നത് മനുഷ്യനല്ല, ദൈവം മാത്രമാണ്– "എന്റെ സമയം ഇനിയും ആയിട്ടില്ല." ദൈവത്തിന് ഒരു സമയമുണ്ട്. അത് അവിടുത്തെ ഹിതം മാത്രമാണ്– ആ സമയത്തിനുവേണ്ടി നാം കാത്തിരിക്കണം. ദൈവത്തിന്റെ സമയത്തിനായുള്ള കാത്തിരിപ്പാണ്, പരീക്ഷണങ്ങളിലൂടെ ശോധനചെയ്യപ്പെടുന്ന വിശ്വാസം.

4. "അവൻ പറയുന്നതുപോലെ ചെയ്യുക" അവന്റെ വാക്കനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുക. ഈശോയുടെ വാക്കനുസരിച്ച് പ്രവർത്തിക്കുന്നവരുടെ ജീവിതത്തിൽ അവിടുന്ന് പ്രവർത്തിക്കും, അവരുടെ എല്ലാ ജീവിതസാഹചര്യങ്ങളിലും അവിടുന്ന് ഇടപെടും. ദൈവത്തിന്റെ വചനമനുസരിച്ച് പ്രവർത്തിക്കുന്നവരുടെ ജീവിതത്തിൽ ഏത് ഇല്ലായ്മകളിലും ദൈവത്തിന്റെ അനുഗ്രഹം സമൃദ്ധമായി വർഷിക്കപ്പെടും.

5. മറിയത്തിന്റെ സാന്നിധ്യമുള്ള ഇടമായിരുന്നു ആ കല്ല്യാണവീട്– "അവന്റെ അമ്മ അവിടെ ഉണ്ടായിരുന്നു." പരിശുദ്ധ അമ്മയുടെ സാന്നിധ്യമുള്ള ഭവനങ്ങളിലെ കുറവുകളും ഇല്ലായ്മകളും അമ്മ തിരിച്ചറിയും, അവർക്കായി അമ്മ മാധ്യസ്ഥ്യം വഹിക്കും. ജപമാല ചൊല്ലുന്ന ഇടങ്ങളിൽ അമ്മയുടെ സാന്നിധ്യം ഉണ്ടാകും, അവിടെയുണ്ടാകുന്ന കുറവുകളിൽ അമ്മയുടെ പ്രാർഥനാസഹായം ഉണ്ടാകും. പരിശുദ്ധ അമ്മ നമുക്കായി പ്രാർഥിക്കുമ്പോൾ ആ അമ്മ നമ്മിൽനിന്നും ആഗ്രഹിക്കുന്ന കാര്യം ഒന്നുമാത്രമാണ്– "അവൻ പറയുന്നതുപോലെ ചെയ്യുക" നാം ദൈവവചനമനുസരിച്ച് ജീവിക്കണം എന്നത് മാത്രമാണ് പരിശുദ്ധ മറിയത്തിന്റെ ആഗ്രഹം.

6. നല്ലത് എപ്പോഴും സൂക്ഷിക്കപ്പെടണം– നല്ല വീഞ്ഞ് സൂക്ഷിച്ചുവച്ചതുപോലെ, നമ്മിലുള്ള നന്മകൾ ഒരിക്കലും നഷ്ടമാക്കരുത്. മറ്റുള്ളവരിലെ നന്മകൾ വളർത്തണം, വളരാൻ അവസരം കൊടുക്കണം. അവരിലെ നന്മകൾ കാണുകയും നന്മ പറയുകയും ചെയ്യുമ്പോഴാണ് അവരിലെ നന്മകൾ വളരുക. നമ്മിലും മറ്റുള്ളവരിലും ഉള്ള തിന്മകൾ നാം ഒരിക്കലും സൂക്ഷിച്ചുവയ്ക്കരുത്, നന്മകൾമാത്രം സൂക്ഷിച്ചുവയ്ക്കുക.

**ഡോ. റോബി കൂന്താനിയിൽ**

www.malankaralibrary.com

# പ്രസംഗം

## മുൻവിധികൾക്കു മീതെയുള്ള അമ്മമനസ്സ്!

മനസ്സിലാക്കുന്തോറും അത്ഭുതമാണ്. ജീവിതവും ജീവിത പരിസരങ്ങളും. കണ്ണു തുറന്നു കാണാനും ചെവി തുറന്നു കേൾക്കാനും സാധിക്കുകയെന്നത് ഒരു കൃപയാണ്.

വിരുന്നൊരുങ്ങി നിന്ന കല്യാണ വിരുന്നിൽ , ഒരുപാടു പേരുണ്ടായിരുന്നു. സമൃദ്ധിയുടെ സമീപത്ത് ആളുകൾ ഏറെയാണ് അന്നും ഇന്നും എന്നും. കുറവുകൾ, മുറിവുകൾ, കണ്ണിന്റെ നനവുകളൊക്കെ, ജീവിതത്തിന്റെ ഗന്ധമായി മാറുമ്പോൾ അത് കേൾക്കാനും കാണാനും മനസ്സിലാക്കാനും ഒരു അമ്മ മനസ്സുണ്ടാകണമെന്ന് ഓർമപ്പെടുത്തുന്നു കാനാ.

വചനം ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഈശോയുടെ അമ്മ അവിടെയുണ്ടായിരുന്നു. അവൾ സമൃദ്ധിയുടെ പരിസരത്തും, സാഹചര്യങ്ങൾ മാറിമറിയുമ്പോഴും അവൾ അവിടെ തന്നെ, ഉണ്ട്. അവളുടെ മകനും അങ്ങനെതന്നെ; അപ്പം മുറിക്കുമ്പോഴും രക്തം വിയർക്കുമ്പോഴും അവിടെതന്നെയുണ്ടായിരുന്നു.

ഇപ്പോഴും മനുഷ്യർ സമൃദ്ധിയുടെ നടുവിൽ ഉയിരു ചേർന്നു നിൽക്കുകയും ക്ഷയിച്ചു തുടങ്ങുമ്പോൾ അകലം പാലിക്കുകയും ചെയ്യുന്നു. ആരും പരിക്ക് പറ്റാൻ ആഗ്രഹിക്കുന്നില്ല. എല്ലാവരും സമൃദ്ധമായ വിരുന്നുമേശകളിൽ ഇരിക്കാനാഗ്രഹിക്കുന്നു.

സാഹചര്യങ്ങൾ മോശമാകുമ്പോൾ ഒപ്പം ചേരാനും നോവിടങ്ങളോടൊപ്പം ഒഴുകാനും മനസ്സ് കൊടുക്കാൻ തയ്യാറാകുന്ന ആ മകന്റെയും അമ്മയുടെയും ഇടങ്ങളെ ധ്യാനിക്കേണ്ടിയിരിക്കുന്നു. പരിക്കു പറ്റുന്ന ഇടങ്ങളിൽ പരിഹാരം കണ്ടെത്തുകയെന്നതാണ് സുവിശേഷത്തിന്റെ സുഗന്ധം. സമൃദ്ധിയുടെ ആദ്യ പങ്ക് ആസ്വദിച്ചിട്ടും, ക്ഷാമവും കലാപങ്ങളും കണ്ണീരും നഷ്ടങ്ങളും ഉടലിൽ തട്ടുമ്പോൾ, ഒഴിവാക്കാനും ഒഴിഞ്ഞു പോകാനും സുരക്ഷിതമായ ഇടങ്ങളിൽ ചേക്കേറാനും ശ്രമിക്കുന്നവർക്ക് ഇന്ന് ഈ വചന പരിസരം അസ്വസ്തതയാണ്.

www.malankaralibrary.com

Date of Publication: 13 December 2022 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 86)

പരിമിതികൾ പരിഹരിക്കപ്പെടുകയും

പ്രശ്നങ്ങൾ കേൾക്കപ്പെടുകയും

കണ്ണിരുകൾ തുടയ്ക്കപ്പെടുകയും

വിഷമങ്ങൾ വിവരിക്കപ്പെടുകയും ചെയ്യുമ്പോഴെ, അത്ഭുതങ്ങൾ ഉണ്ടാകൂ. അറിയണം, ഇന്നും പലരും തീർന്നു പോകുന്നെന്ന്.

പറയണം, പലരും ഇന്നും ശൂന്യമാണെന്ന്.

മനസ്സിലാക്കണം, പലരും നിസ്സഹായരാണെന്ന്.

അറിയാതെയും പറയാതെയും മനസ്സിലാക്കാതെയും എത്രയോ വിരുന്നുമേശകളുടെ പിന്നാമ്പുറങ്ങളിൽ ശുന്യതപേറി ജീവിക്കുന്നവർ ഏറെയാണ്. കുറവുണ്ടെന്ന് പറയാൻപോലും അവർ നിസ്സഹായരാണ്. അവരെ കാണാൻ, കേൾക്കാൻ, മനസ്സിലാക്കാൻ, അവർക്കുവേണ്ടി നിലകൊള്ളാൻ ഒരു മനസ്സു വേണം. മുൻവിധികൾക്ക് മീതെയുള്ള ഒരു അമ്മ മനസ്സ്. അങ്ങനെയുള്ള മനസ്സാണ് അത്ഭുതങ്ങളുടെ ആദ്യ പടി.

**ഫാ. സോജി ചക്കാലക്കൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr.M.Koottumkal, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*